KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 32 / Issue: 10 October 2021 ₹ :15/-



# 1st Death Anniversary

16-10-2021



# P.S.Abraham (Kunjumon)

## Puthenveettil, Chingavanam

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

**By Sorrowing Family**

Wife: **Leelamma Abraham**

Children

**Ruby Abraham & Manu Ruby**
**Roney Abraham & Lidi Roney**
**Rency Dilip & Dilip Thamarappallil**

Grand Children

**Akhila & Philips, Akshitha, Rabin**
**Abbu, Jake, Steve**
**Akshaya & Nevil, Aswathy, Aiswarya**

Advt -G

# ക്നാനായ ദീപം

SINCE 1989

2021 ഒക്ടോബർ പുസ്തകം 32 ലക്കം 10

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

സെന്റ് മേരീസ് ക്നാനായ സിറിയൻ ഓർത്തഡോക്സ് ചർച്ച്, അഡലയ്ഡ്, 08

ഷാർജ സെന്റ് മേരീസ് ക്നാനായ യൂത്ത് അസ്സോസിയേഷൻ 09

മൽപാനോടു ചോദിക്കാം 10

അഡ്മിഷൻകാലം 15
സുനിൽ ഡി. കുരുവിള

മാതൃകാ കുടുംബജീവിതം 17
ഫാ. ഡോ. ജയിംസ് തോടത്തിൽ

കഷ്ടതയുടെ മൂല്യം 19
റ്റി.സി. തോമസ് തോപ്പിൽ

ഇടം കിട്ടാത്തവരുടെ ഇടയൻ 20
ജിയ സ്മിജു മറ്റക്കാട്ട്

ചരിത്രപ്രസിദ്ധമായ കൊടുങ്ങല്ലൂർ 21
സി.എ. സ്ക്കറിയാക്കുട്ടി പുതിയമഠം

ഏവൻഗേലിയോൻ ദീപം 22
റവ. ഫാ. കൊച്ചുമോൻ തോമസ്

24 ഓർമ്മയിലെ സാംബിയപ്പച്ചൻ
ഫാ. ജോസഫ് കുളത്രാമണ്ണിൽ

41 മലർവാടിക്കൂട്ടം
ബാലദീപം ക്വിസ്

42 കോവിഡും ക്രൈസ്തവ ജീവിതവും
സിസി ബാബു

43 നവാഭിഷിക്തരായ ശെമ്മാശന്മാർ

43 ഇന്നു ഞാൻ - നാളെ നീ
സിജോ ജോസ് വിലങ്ങൻപാറ

44 എസ്.എസ്.എൽ.സി. +2 വിജയികൾ

47 മാട്രിമോണിയൽ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)


Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
0481-2961213
Mob. 85475 84440
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

**വിശ്വാസികളിൽ ഒരു ഭാഗം ആളുകൾക്ക് കർത്താവിന്റെ വരവ് വിഷയമേയല്ല. തന്നിമിത്തം അവരുടെ നോട്ടം ഭൂമിയിലേക്കാണ്. ഇവിടെ വലിയ മാളികകൾ പണിയുവാനും വസ്തുവകയും സമ്പത്തും സ്വരൂപിക്കുവാനും ബദ്ധപ്പെടുന്നു.**



# editorial

## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

ഹൃദയഭേദകമായ നിരവധി ദുരിതങ്ങളുടെയും ദുരന്തങ്ങളുടെയും വാർത്തകളുമായിട്ടാണ് വാർത്താ മാദ്ധ്യമങ്ങളും ദിനപത്രങ്ങളും നമ്മുടെ അടുക്കൽ ദിനംതോറും എത്തുന്നത്. മതഭീകരവാദ പ്രസ്ഥാനങ്ങൾ രാഷ്ട്ര ഭരണം കയ്യടക്കുമ്പോൾ ഉണ്ടാകുന്ന വിനാശകരമായ കാഴ്ചകൾ ലോകം കണ്ടുകൊണ്ടിരിക്കുകയാണ്. അഫ്ഗാനിസ്ഥാൻ എന്ന രാഷ്ട്രം താലിബാൻ സേനയുടെ പിടിയിലമർന്നിട്ട് ഒരു മാസം പിന്നിട്ടിരിക്കുന്നു. ജനിച്ചു വളർന്ന മണ്ണിൽ ജീവിതം മുന്നോട്ട് കൊണ്ടുപോവാൻ കഴിയാതെ നെട്ടോട്ടമോടുന്ന മനുഷ്യരിൽ സ്ത്രീകളും കുഞ്ഞുങ്ങളും വൃദ്ധരുമാണ്. ലക്ഷ്യമില്ലാത്ത ഓട്ടങ്ങളിലാണ് എല്ലാവരും. അന്താരാഷ്ട്രതലത്തിൽ മനുഷ്യാവകാശ സംരക്ഷണത്തിനായി ഒട്ടേറേ സംവിധാനങ്ങളുള്ള ഒരു ലോകത്താണ് നാം ജീവിക്കുന്നത്. എന്നാൽ അവ എല്ലാം നിഷ്ഫലമാക്കിക്കൊണ്ട് താലിബാനിസവും, ഇസ്ലാമിക സംഘടനകളും ഹിന്ദുത്വമായ സംഘടനകളും ഇതിന്റെ ഉച്ച കോടിയിൽ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അത് വിപൽക്കരവും വിനാശകരവുമാണ്. ഇൻഡ്യയിലെ ഹിന്ദുത്വമുഖമുള്ള താലിബാനിസത്തിന്റെ വിപൽക്കരമായ കടന്നുവരവ് ശക്തിപ്പെടുത്താനുള്ള എല്ലാ നീക്കങ്ങളേയും നാം കരുതലോടെ കാണണം. ഹിന്ദുത്വ സ്വേച്ഛാധിപത്യ ഭരണനേതൃത്വം സംസ്ഥാനങ്ങളുടെ അധികാരങ്ങൾ പടിപടിയായി കവർന്നെടുക്കാനും ഇൻഡ്യൻ യൂണിറ്റിന്റെ ഫെഡറൽ സ്വഭാവത്തെ തകർക്കാനുമുള്ള ശ്രമങ്ങളാണ് തുടർച്ചയായി നടത്തുന്നത്. ഭരണഘടനാപ്രകാരം പ്രത്യേക അധികാര അവകാശങ്ങൾ ലഭ്യമായിരുന്ന കാശ്മീരിനെയും ജമ്മുവിനെയും സംസ്ഥാന പദവി തന്നെ ഇല്ലാതാക്കിക്കളഞ്ഞു. ലക്ഷദ്വീപിലും ഇതേ സ്ഥിതി തുടരുന്നു. ഭൂമിക്കും പ്രകൃതി വിഭവങ്ങൾക്കും മേലുള്ള ലക്ഷദ്വീപ് നിവാസികളുടെ അവകാശങ്ങളെ ഇല്ലാതാക്കിക്കൊണ്ടും സ്കൂൾ കുട്ടികളുടെ ഭക്ഷണത്തിൽ മത്സ്യമാംസാദികൾ നിരോധിച്ചുകൊണ്ടും എങ്ങനെ ജീവിക്കണമെന്നുള്ള മനുഷ്യരുടെ അവകാശങ്ങൾ ഇല്ലാതാക്കിക്കൊണ്ടും പ്രവർത്തിക്കുന്നത് ഗൗരവപൂർവ്വം നാം വീക്ഷിക്കണം.

വർഷങ്ങളായി നടന്നുവരുന്ന ഇറാക്ക് ഇറാൻ ലബനോൻ, സിറിയ എന്നീ രാജ്യങ്ങളിലെ വർഗീയ ലഹളകളും കൊടുമ്പിരികൊണ്ട് വമ്പിച്ച നാശനഷ്ടങ്ങൾ വരുത്തുകയാണ്. തുർക്കി, യോർദ്ദാൻ, ഇസ്രായേൽ എന്നിവിടങ്ങളിലെ സംഘട്ടനങ്ങൾ, ക്രിസ്ത്യൻ മിഷനറിമാരെ കൂട്ടക്കൊല നടത്തുന്നത് തുടങ്ങി കൊല്ലും കൊലമുമായി കഴിയുന്ന വിവിധ ഗ്രൂപ്പുകൾ ആ രാജ്യങ്ങളെ രക്തക്കളമാക്കിയിട്ട് വർഷങ്ങൾ പലതു കഴിഞ്ഞു. ഇന്നും ശമനം ഉണ്ടാകുന്നില്ല. കേരളം ഉൾപ്പെടെ പടിഞ്ഞാറൻ തീരങ്ങളിൽ പേമാരിയിലും മലനാട്ടിൽ ഉരുൾപൊട്ടലിലും എത്രയധികം മനുഷ്യർ അകാലചരമമടഞ്ഞു. കൊവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ കോടികണക്കിന് ആളുകൾ മരണമടഞ്ഞു. കോവിഡാനന്തരഫലമായി അനേകർ ദുരിതങ്ങൾ അനുഭവിക്കുന്നു. പട്ടിണി കിടക്കുന്ന മനുഷ്യരുടെ എണ്ണം ഈ കാലയളവിൽ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ലോകജനസംഖ്യയുടെ പത്ത് ശതമാനം വരുന്ന 81 കോടി ജനങ്ങൾ അർദ്ധ പട്ടിണിയിൽ പോഷകാഹാരമില്ലാത്ത ഭക്ഷണം കഴിക്കുന്ന അവസ്ഥയിലാണെന്ന് യൂണിസെഫ് പുറത്തു വിട്ട റിപ്പോർട്ടിൽ പറയുന്നു. കോവിഡ് കാലത്ത് ജോലി നഷ്ടപ്പെട്ടവരുടെ എണ്ണം 25 കോടിയിൽ അധികം വരും. ഇങ്ങനെ ദുരന്തങ്ങളുടെ പട്ടിക നീണ്ടതാണ്. ദുരിതങ്ങൾ നിരന്തരമായി അടിച്ചു കയറുന്നു. സകല മനുഷ്യരും വ്യാകുലചിത്തരായി പരിഭ്രമിച്ചവശരായിരിക്കുന്നു. ഭാവിയെക്കുറിച്ചുള്ള ചിന്താകുലം സകലരേയും ബാധിച്ചിരിക്കുന്നു. ലോകസംഭവങ്ങൾ നമ്മെ ഞെട്ടിപ്പിച്ച് തളർത്തിക്കളയുവാൻ നാം അനുവദിച്ചുകൂടാ. ഇതൊക്കെയും കാണുമ്പോൾ നമ്മുടെ വീണ്ടെടുപ്പിന്റെ പ്രകാശദിനം സമീപസ്ഥമായി എന്ന് ഓർത്ത് നമ്മുടെ തലകളെ ഉയർത്താം. നമ്മുടെ കർത്താവ് തന്റെ മണവാട്ടി സഭയെ ചേർക്കാൻ വേഗം വരുന്നു. എന്നാൽ ഇന്നാകട്ടെ ആധുനിക വേദപണ്ഡിതന്മാർ എന്നഭിമാനിക്കുന്ന സഭാ നേതാക്കൾ മന:പൂർവ്വം ഈ വിഷയം ഉപേക്ഷിച്ചിരിക്കുകയാണ്. വിശ്വാസികളിൽ ഒരു ഭാഗം ആളുകൾക്ക് കർത്താവിന്റെ വരവ് വിഷയമേയല്ല. തന്നിമിത്തം അവരുടെ നോട്ടം ഭൂമിയിലേക്കാണ്. ഇവിടെ വലിയ മാളികകൾ പണിയുവാനും വസ്തുവകയും സമ്പത്തും സ്വരൂപിക്കുവാനും ബദ്ധപ്പെടുന്നു. ഇന്ന് സഭയിലെ പല പുരോഹിതന്മാരും വേദപുസ്തകത്തിലെ രണ്ടു പുസ്തകങ്ങൾ നിഷേധിക്കുന്നു. ഉല്പത്തിയും, വെളിപാടും. കാരണം ഉല്പത്തിയിൽ പഴയ പാമ്പിന്റെ തന്ത്രത്തെക്കുറിച്ചുള്ള എഴുത്തും വെളിപാടിൽ അവന്റെ അന്തവും നരകത്തിലേക്കുള്ള വീഴ്ചയും കാണിച്ചിരിക്കുന്നതുകൊണ്ട് തന്നെയാണ് അവയെ മറയ്ക്കുന്നത്. അത് പിശാചിന്റെ തന്ത്രങ്ങളിൽ ഒന്നാണ്. എന്നാൽ ഒന്നു സ്പഷ്ടമാണ്. എല്ലാ ശാസ്ത്രവും ഒരു കേന്ദ്രത്തെ ആസ്പദമാക്കിയാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. സസ്യശാസ്ത്രം വളർച്ചയുടെ കോശ നിർമ്മിത പ്രമാണത്തെ വലയം ചെയ്തും, ജന്തുശാസ്ത്രം ഒരുതരം ഘടനയെ വലയം ചെയ്തും, ഭൂഗർഭ ശാസ്ത്രം എക്കൽ പാറയുടെ പാളിയുടെ ക്രമത്തെ വലയം ചെയ്തും സ്ഥിതി ചെയ്യുന്നു. എന്നാൽ വേദശാസ്ത്രം സൂക്ഷ്മമായി പഠിച്ചാൽ അത് ക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷതയെ ആസ്പദമാക്കിയാണെന്നു കാണാൻ സാധിക്കും. ആദിമ സഭ വളരെ താല്പര്യത്തോടെ പഠിപ്പിക്കയും കാത്തിരിക്കയും ചെയ്ത ഒരു സത്യമാണ് ക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷത. അത് യേശു തന്റെ മഹത്വത്തിൽ പ്രത്യക്ഷമാകാൻ പോകുന്ന കാര്യം. അന്ന് മരിച്ചവർ ഉയർക്കും ജീവനോടെ ശേഷിക്കുന്നവർ അവനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ആ നാളുകൾ അടുത്തു വരുന്നു. നമുക്ക് ഒരുങ്ങാം.

എന്ന്

**നിങ്ങളുടെ സ്വന്തം റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ അനുഗ്രഹീതരെ,

ഏഡിത്ത് സ്റ്റെയിൽ ഒരു യഹൂദ സ്ത്രീയായിരുന്നു. തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് സ്വന്തമാക്കിയിരുന്ന അവർ നിരീശ്വരന്മാരായ തത്വശാസ്ത്രജ്ഞന്മാരുടെ കീഴിലാണ് പഠനം നടത്തിയിരുന്നത്. അതുകൊണ്ട് തന്നെ അവരും ഒരു നിരിശ്വരവാദിയായിത്തീർന്നു. എന്നാൽ ഒരു വിശുദ്ധയുടെ ആത്മകഥ വായിച്ചപ്പോഴാണ് ഏഡിത്തിന് തന്റെ ജീവിതത്തിൽ സംഭവിച്ച അബദ്ധം മനസിലായത്. അവൾ വായിച്ച വിശുദ്ധയുടെ ആത്മകഥയിലൂടെ അവൾ ക്രിസ്തുവിനെ അറിയുകയും ഒരു ക്രിസ്തു വിശ്വാസിയായി മാറുകയും ഒടുവിൽ ഒരു ക്രൈസ്തവ സന്യാസിനിയായി മാറുകയും ചെയ്തു.

ഇഗ്നേഷ്യസ് എന്ന ചെറുപ്പക്കാരൻ അപകടം സംഭവിച്ച് ആശുപത്രിയിൽ വിശ്രമിക്കുമ്പോഴായിരുന്നു അദ്ദേഹത്തിന് അതുല്യമായ ഒരു സദ്ഗ്രന്ഥം വായിക്കുന്നതിനായി ആരോ സമ്മാനിച്ചത്. ആ പുസ്തക വായനയിലൂടെ അദ്ദേഹം മറ്റൊരു മനുഷ്യനാവുകയായിരുന്നു. പിന്നീട് അദ്ദേഹം വി. ഇഗ്നേഷ്യസ് ആയി മാറ്റപ്പെട്ടു. സാമൂഹ്യ മാധ്യമങ്ങളുടെ കടന്നുകയറ്റവും, കാലഘട്ടത്തിന്റെ മാറ്റവും ഈ തലമുറയിൽ ഉള്ളവരെ വായനാ ശീലത്തിൽ നിന്നും അകറ്റുന്നത് അത്യധികം ദു:ഖകരമാണ്. സുറിയാനി സഭയിലെ അനേകം വിശുദ്ധ പിതാക്കന്മാർ വിശുദ്ധരായി മാറിയതിനു പിന്നിലെ ഒരു കാരണം സദ്ഗ്രന്ഥപാരായണമാണ്. നല്ല വായന നമ്മെ നന്മയിലേക്കും വിശുദ്ധിയിലേക്കും നയിക്കും. വിശുദ്ധരുടെയും മഹത്വവ്യക്തികളുടെയുമൊക്കെ ജീവിതത്തിൽ വായനയ്ക്ക് വളരെ വലിയ സ്ഥാനമുണ്ടായിരുന്നു. ഒരിക്കൽ മഹാനായ സോക്രട്ടീസ് ഇപ്രകാരം പറഞ്ഞു “നിങ്ങളുടെ മക്കൾ വിജ്ഞാനികളാകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്ക് നല്ല പുസ്തകങ്ങൾ വായിക്കുവാൻ കൊടുക്കൂ” എന്ന്. ഒരു അക്രൈസ്തവ സഹോദരന്റെ അനുഭവം ഇപ്രകാരമായിരുന്നു. കടുത്ത മാനസിക സംഘർഷത്തിലൂടെ അദ്ദേഹം കടന്നുപോവുകയായിരുന്നു, ആത്മഹത്യാ ചിന്ത അയാളെ അലട്ടിയിരുന്നു. അങ്ങനിരിക്കെ ഒരു നല്ല ക്രൈസ്തവ സഹോദരൻ യേശുവിനെക്കുറിച്ചുള്ള മനോഹരമായ ഒരു പുസ്തകം അയാൾക്ക് വായിക്കാൻ നല്കി. ആ പുസ്തകം വായിക്കുന്തോറും അദ്ദേഹം ആന്തരീക സമാധാനം കൊണ്ടും സന്തോഷംകൊണ്ടും നിറയുവാൻ തുടങ്ങി. ഒടുവിൽ അയാളുടെ എല്ലാ വിധ മാനസിക പ്രയാസങ്ങളും മാറ്റപ്പെടുകയും യേശുക്രിസ്തുവിൽ വിശ്വസിക്കുകയും ചെയ്തു. യേശു നാഥനെപ്പറ്റിയുള്ള ഒരു നല്ല പുസ്തകം വായിക്കാൻ സാധിച്ചതിലൂടെ അയാളുടെ ജീവിതം തന്നെ പ്രകാശപൂർണമായി മാറി.

സുപ്രസിദ്ധ ആംഗലേയ കവി പി.ബി. ഷെല്ലി ഇപ്രകാരം പറഞ്ഞു “വായിക്കുംതോറും നമ്മുടെ അജ്ഞത നമുക്ക് ബോദ്ധ്യപ്പെടും” എന്ന്. വിശുദ്ധ വചനത്തിലൂടെ യേശു തമ്പുരാൻ ഇപ്രകാരം പറയുന്നുവല്ലോ “തിരുവെഴുത്തുകളും ദൈവത്തിന്റെ ശക്തിയും നിങ്ങൾക്കറിഞ്ഞുകൂടായ്കയാലല്ലയോ നിങ്ങൾക്കു തെറ്റു പറ്റുന്നത്?” (മർക്കോ. 12:24).

**തിരുവെഴുത്തുകളും ദൈവത്തിന്റെ ശക്തിയും നിങ്ങൾക്കറിഞ്ഞുകൂടായ്കയാലല്ലയോ നിങ്ങൾക്കു തെറ്റു പറ്റുന്നത്?” (മർക്കോ. 12:24).**

വായനയുടെ ഒരു പുതിയ ലോകം തുറക്കുവാൻ നമ്മൾ പരിശ്രമിക്കേണ്ടതുണ്ട്. ഇന്ന് ധാർമ്മികതയും മൂല്യങ്ങളും നഷ്ടപ്പെടുന്നതായ ഒരു തലമുറ രൂപപ്പെടുന്നതിന്റെ ഒരു കാരണം നല്ല ആത്മീയത ഉണർത്തുന്ന പുസ്തകങ്ങൾ വായിക്കുന്നില്ല എന്നതു തന്നെയാണ്. വായന ശീലം മനുഷ്യനെ നന്മയും തിന്മയും തിരിച്ചറിയാനും ഇവയിൽ നന്മയെ തിരഞ്ഞെടുക്കാനും പ്രേരിപ്പിക്കുന്നു. വായന നമ്മെ ധ്യാനത്തിലേക്ക് നയിക്കുന്നു, അത് ഉറച്ച തീരുമാനങ്ങളെടുക്കാനും പ്രതികൂലങ്ങളെ തരണം ചെയ്യാനും സഹായിക്കും, വിശ്വാസത്തെ വർദ്ധിപ്പിക്കുകയും സദ്പ്രവൃത്തിയിലേക്ക് നമ്മെ ആനയിക്കുകയും ചെയ്യും. ഫ്രാൻസിസ് സാലസ് എന്ന ഭക്തനായ മനുഷ്യൻ ഇപ്രകാരം പറഞ്ഞു “ഭക്തിജനകമായ ചില പുസ്തകങ്ങൾ എപ്പോഴും നമ്മൾ നമ്മുടെ പക്കൽ സൂക്ഷിക്കണം. അവ സുരക്ഷിതമായ മാർഗ്ഗം നമുക്ക് കാണിച്ചു നൽകും.” എന്ന്. വിശുദ്ധനായ പൗലോസ് ശ്ലീഹാ വായനയുടെ പ്രാധാന്യം എടുത്തു കാണിക്കുന്നു. “ത്രോവാസിൽ ഞാൻ കർപ്പോസിന്റെ അടുക്കൽ വെച്ചിട്ടു പോന്നിട്ടുള്ള പുസ്തകസഞ്ചിയും , പുസ്തകങ്ങളും, പ്രത്യേകിച്ചു തോൽചുരുളും നീ വരുമ്പോൾ കൊണ്ടുപോരണം”(2തിമോ4:13). പൗലോസ്ശ്ലീഹാ തിമോത്തിയോസിനോടു പറയുന്ന വാക്കുകൾ ആണ് ഇവ. അദ്ദേഹവും വായനശീലമുള്ള വ്യക്തിയായിരുന്നുവെന്ന് ഇതിലൂടെ വ്യക്തമാണല്ലോ.

ഉത്തമ ക്രൈസ്തവരായി മാറുവാൻ നമുക്കു പ്രചോദനം നല്കുന്ന നല്ല ആത്മീയ പുസ്തകങ്ങൾ അഥവാ സദ് ഗ്രന്ഥങ്ങൾ (ഉദാ. വിശുദ്ധരുടെ ജീവചരിത്രങ്ങൾ, അവരുടെ ലേഖനങ്ങൾ, സഭയുടെ പ്രബോധനങ്ങൾ, ആത്മീയ മനുഷ്യരുടെ അനുഭവ കുറിപ്പുകൾ തുടങ്ങിയവ). വായിക്കുന്നതോടൊപ്പം തിരു വചനത്തിനും നമ്മൾ പ്രഥമ പരിഗണന നൽകേണ്ടതുണ്ട്.

ഏബ്രഹാം ലിങ്കൻ ഇപ്രകാരം പറഞ്ഞു “ദൈവം മനുഷ്യന് നല്കിയിട്ടുള്ള ഏറ്റവും വലിയ സമ്പത്താണ് വി. ബൈബിൾ (വിശുദ്ധ ഗ്രന്ഥം) എന്ന് ഞാൻ വിശ്വസിക്കുന്നു. ലോകരക്ഷകനിൽനിന്നുള്ള സർവ്വ സമ്പത്തും ഈ പുസ്തകത്തിലൂടെ മനുഷ്യന് നല്കപ്പെട്ടിരിക്കുന്നു” ഇന്ത്യയുടെ രാഷ്ട്ര പിതാവ് മഹാത്മാ ഗാന്ധി ഇപ്രകാരം പറഞ്ഞു. “അഹിംസയുടെ തത്വം ശ്രിയേശുവിന്റെ ഗിരിപ്രഭാഷണത്തിലാണ് ഞാൻ കണ്ടത്. പുതിയ നിയമം വായിക്കുന്നത് എന്നെ എപ്പോഴും ആനന്ദഭരിതനാക്കുകയും അതിരു കവിഞ്ഞ് സന്തോഷിപ്പിക്കുകയും ചെയ്യുന്നു”. സഭാപിതാവായ വി. ജെറോം ഇപ്രകാരം പറഞ്ഞു “വിശുദ്ധ ഗ്രന്ഥത്തേക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്” എന്ന്.

വിശുദ്ധരും, മഹാത്മാക്കളും ഒക്കെ തന്നെ നന്മയിലേക്കും വിശുദ്ധിയിലേക്കും നയിക്കപ്പെട്ടതിന്റെ ഒരു കാരണം അവരിലുണ്ടായിരുന്ന വായനാ ശീലമാണ്. തിരുവചന വായനയും, സദ്ഗ്രന്ഥ പരായണവുമൊക്കെ അവരെ ജ്ഞാനികളാക്കി മാറ്റി. ആയതിനാൽ ഏതു പ്രായത്തിലുള്ളവരാണെങ്കിലും വായന ശീലം വളർത്തിയെടുക്കാനും നല്ല പുസ്തകങ്ങൾ മറ്റുള്ളവർക്ക് സമ്മാനിക്കാനും വായനയുടെ ഒരു സംസ്കാരം ഈ കാലഘട്ടത്തിൽ ശക്തിപ്പെടുത്താനും നമുക്ക് പരിശ്രമിക്കാം.

ദൈവം അനുഗ്രഹിക്കട്ടെ

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ് (സമുദായ മെത്രാപ്പോലീത്താ)**



റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

ക്നാനായക്കാരുടെ പുക്കിൾകൊടി ഉറങ്ങുന്ന കൊടുങ്ങല്ലൂരിന്റെ മണ്ണിൽ ക്നാനായക്കാരുടെ അഭിമാനമായി പടുത്തുയർത്തിയ "കൊടുങ്ങല്ലൂർ പൈതൃക സ്മാരകം" ക്നാനായ സമുദായത്തിലെ ദൈവാലയങ്ങളിൽ നിന്നും ഇടവക നിർവ്വാഹക സമിതി അംഗങ്ങളും, ഇടവക വികാരിമാരും, സമുദായ അംഗങ്ങളും, ഗ്രൂപ്പുകളായി സന്ദർശിച്ചു തങ്ങളുടെ പൈതൃകത്തിൽ ആത്മാഭിമാനം കൊള്ളുന്ന നിമിഷങ്ങൾ തുടർന്നു കൊണ്ടിരിക്കുന്നു എന്നതിൽ നമുക്ക് എല്ലാവർക്കും അഭിമാനിക്കാം. മറ്റു മതസ്ഥരും ഈ പൈതൃക സ്മാരകം സന്ദർശിച്ചു അതിന്റെ ചരിത്ര ഗാംഭീര്യത്തെ ഉൾക്കൊള്ളുന്ന രംഗങ്ങൾ സോഷ്യൽ മീഡിയായിൽ പ്രചരിക്കുന്നതായി കാണാം.

19-09-2021 ഞായറാഴ്ച രാവിലെ ക്നാനായ സമുദായത്തിലെ സീനിയർ വൈദികനായ വെരി. റവ. പ്രസാദ് കുരുവിള കോവൂർ കോർ-എപ്പിസ്കോപ്പാ പൈതൃക സ്മാരകത്തിൽ വി. ബലി അർപ്പിച്ചു. സ്മാരകത്തിന്റെ മേൽക്കൂരയുടെ നിർമ്മാണം അവസാനഘട്ടത്തിലേക്ക് എത്തി നിൽക്കുന്നു.

സമുദായത്തിലെ ദൈവാലയങ്ങളിൽ നിന്നും സ്മാരകം സന്ദർശിക്കുവാൻ പോകുന്ന സമുദായ അംഗങ്ങൾ വൈദികരുടെ നേതൃത്വത്തിൽ പോകുന്നതെങ്കിൽ അവിടെ വി. കുർബ്ബാന അർപ്പിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സമുദായ ഓഫീസുമായി ബന്ധപ്പെട്ടാൽ മാത്രം മതിയാകും എന്ന് സന്തോഷപൂർവ്വം അറിയിക്കുന്നു. കൊടുങ്ങല്ലൂരിലെ പൈതൃക സ്മാരകത്തിൽ നമ്മുടെ ചരിത്രം നൂറ്റാണ്ടുകൾക്ക് അപ്പുറവും നിലനിൽക്കുന്നതിന് വേണ്ടിയാണ് കൽഫലകങ്ങളിൽ എഴുതി സ്ഥാപിച്ചിട്ടുള്ളത്. എഴുതി സ്ഥാപിച്ച ചരിത്രം ലോകചരിത്രവുമായി ചേർത്ത് നോക്കുമ്പോൾ പൊരുത്തപ്പെടുന്നത് തന്നെയായിരിക്കണം എന്നത് ചരിത്രത്തിന്റെ നിലനിൽപ്പിന് അനിവാര്യം ആണ്. നമ്മുടെ ചരിത്രത്തെ നമ്മുടെ ഇഷ്ടത്തിനനുസരിച്ച് വളച്ച് എഴുതി ചേർക്കുന്നതുകൊണ്ട് നമ്മൾ തന്നെ നമ്മുടെ ചരിത്രം ഒരു കള്ളകഥയായി ചിത്രീകരിക്കാതിരിക്കാൻ വേണ്ടിയാണ് രേഖകളോട് കൂടിയ തെളിവുകളുടെ അടിസ്ഥാനത്തിൽ യാഥാർത്ഥ്യങ്ങൾ അവിടെ എഴുതിയിരിക്കുന്നത്.

പുസ്തകങ്ങളുടെ കാലങ്ങൾ കഴിഞ്ഞു തുടങ്ങി. ഇപ്പോൾ വിരൽത്തുമ്പിൽ ഇന്റർനെറ്റുള്ള ലോകത്താണ് ഈ തലമുറ ജീവിക്കുന്നത്. യാഥാർത്ഥ്യങ്ങളും ചരിത്രങ്ങളും വിരൽത്തുമ്പിൽ ഉള്ളപ്പോൾ ചരിത്രത്തെ തമസ്കരിച്ചാൽ നമ്മുടെ വരും തലമുറകൾ വിഢ്ഢിവേഷം കെട്ടേണ്ടി വരും.

ഒരാളുടെ സൃഷ്ടിയല്ല അവിടെ കല്ലിൽ കൊത്തിവച്ചിരിക്കുന്നത്. ചരിത്ര സംഭവങ്ങൾ പ്രഗത്ഭരായ ചരിത്രകാരന്മാരുടെ ഗ്രന്ഥങ്ങളും, അതാത് രാഷ്ട്രങ്ങളുടെ നൂറ്റാണ്ടുകളായുള്ള ചരിത്ര പുസ്തകങ്ങളും, ഇന്റർനെറ്റിൽ കൂടി ലഭിക്കുന്ന വിവരങ്ങളും, വി. ബൈബിളിനെയും ആധാരമാക്കി തെളിവുകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദിത്വം ഏറ്റെടുത്തു കൊണ്ട് ഔദ്യോഗിക സ്ഥാനത്ത് ഇരിക്കുന്ന സമുദായ മെത്രാപ്പോലീത്തായുടെയും, സമുദായ സെക്രട്ടറിയുടെയും, അസ്സോസിയേഷൻ മെമ്പറും Knanaya Nazarene Academic Research Centre (P) Ltd Director റുമായ ശ്രീ സന്ദീപ് താമരപ്പള്ളി ഉൾപ്പെടെയുള്ള കമ്മിറ്റിയുടെയും പൂർണ്ണ ഉത്തരവാദിത്വത്തിലാണ് ഗ്രാനൈറ്റ് സ്റ്റോണുകളിൽ ചരിത്ര സംഭവങ്ങൾ ചുരുക്കത്തിൽ കൊത്തിവച്ചിരിക്കുന്നത്.

ആരുമായിട്ടും ഈ കാര്യത്തിൽ തെളിവുകളുടെ അടിസ്ഥാനത്തിൽ ഏതു സംവാദത്തിനും ഞങ്ങൾ തയ്യാറാണ്. ഞങ്ങൾ കൊത്തിവച്ചിരിക്കുന്ന കല്ലുകളിൽ ഏതെങ്കിലുമൊരു കാര്യം ചരിത്രത്തിന് വിപരീതം ആണെങ്കിൽ തെളിവുകളോടെ തെളിയിച്ചാൽ ഞങ്ങളുടെ സ്വന്തം ചിലവിൽ അത് മാറ്റുന്നതിന് തയ്യാറാണെന്നും സമുദായ അംഗങ്ങൾ എല്ലാവരെയും അറിയിച്ചു കൊള്ളുന്നു.

കൊടുങ്ങല്ലൂർ സ്മാരകത്തിലെ ഫലകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ചരിത്രവുമായി ബന്ധപ്പെട്ട് ചർച്ച നടത്തുവാൻ ആഗ്രഹിക്കുന്നവർ ദിവസവും സമയവും അറിയിച്ചാൽ സമുദായ ഹെഡ്ക്വാർട്ടേഴ്സ് ആയ മോർ അപ്രേം സെമ്മിനാരിയിൽ ഉത്തരവാദിത്വപ്പെട്ടവരുമായി ചർച്ചയോ സംവാദമോ നടത്തുന്നതിനുള്ള അവസരം തരുന്നതാണ്.

അവിടെ ശിലകളിൽ കൊത്തിവച്ചിരിക്കുന്ന ചരിത്രത്തിൽ പ്രേഷിത കുടിയേറ്റം നടത്തി എന്ന് എഴുതിയിരിക്കുന്നതിനെ ചില ആളുകൾ വളച്ചൊടിച്ച് ക്നാനായക്കാർ അഭയാർത്ഥികളായി മലങ്കരയിൽ വന്നു എന്ന് എഴുതിയിട്ടുണ്ട് എന്ന് തുടങ്ങിയ അസത്യങ്ങൾ സോഷ്യൽ മീഡിയായിൽ പ്രചരിപ്പിക്കുന്നു.

കൊടുങ്ങല്ലൂർ പൈതൃക സ്മാരകത്തിന് ഒരു കുറ്റവും ഇല്ലാത്തതുകൊണ്ട് ഏതെങ്കിലും രീതിയിൽ സ്മാരകത്തിന്റെ ശോഭ ഇല്ലാതെയാക്കുവാനുള്ള ഗൂഢശ്രമമായി മാത്രമേ ഇതിനെ കാണുവാൻ കഴിയുകയുള്ളൂ.

വ്യക്തിഹത്യ ചെയ്യുന്ന ആളുകളോട് ഒരു വാക്ക്, ഇക്കാര്യത്തിലെങ്കിലും വ്യക്തിഹത്യ നിർത്തി മാന്യമായി സ്വന്തം ഐ.ഡി. യിൽ കൂടി പ്രതികരിക്കുക.

കോവിഡുമായി ബന്ധപ്പെട്ട് ഒരു കൈത്താങ്ങ് എന്ന ദൈവത്തിന്റെ കൃപയാൽ കഴിഞ്ഞ മാസം 19-09-2021 ൽ വടപുറം, മുട്ടിക്കടവ്, ചുള്ളിയോട് എന്നീ ദൈവാലയങ്ങളിലും ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്യുവാൻ നമുക്ക് സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു.

വർഷങ്ങളായി യാതൊരു അറ്റകുറ്റപ്പണികളും ഇല്ലാതെ കിടന്നിരുന്ന ക്നാനായ സമുദായത്തിന്റെ ആസ്ഥാനമന്ദിരം മറ്റ് ക്രൈസ്തവ സഭകളുടെ ഒപ്പം അഭിമാനകരമായി നിൽക്കത്തക്ക രീതിയിൽ നവീകരിച്ചു മനോഹരമാക്കി. ആയതിന്റെ കൂദാശാകർമ്മം 24-10-2021 ഞായറാഴ്ച മൂന്നു മണിക്ക് നടത്തപ്പെടുകയാണ്.

ഇതോടനുബന്ധിച്ച് സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന പൊതുസമ്മേളനം ബഹു. കേരളാ ഫിഷറീസ് കൾച്ചറൽ ആന്റ് ഹാർബർ എഞ്ചിനിയറിംഗ് മന്ത്രി ശ്രീ. സജി ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നതും മറ്റു വിശിഷ്ട അതിഥികൾ പങ്കെടുക്കുന്നതുമാണ്. ഈ ചടങ്ങുകളിലേയ്ക്ക് സമുദായത്തിലെ എല്ലാ വൈദികരെയും, അസ്സോസിയേഷൻ അംഗങ്ങളെയും, സ്ഥാപനങ്ങളുടെ ബോർഡ് അംഗങ്ങളെയും, സിസ്റ്റേഴ്സിനെയും, ഭക്തസംഘടനകളെയും, ക്നാനായ കോൺഗ്രസ്, വനിതാസമാജം അംഗങ്ങളെയും, സമുദായ അംഗങ്ങളെയും, ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

പുണ്യശ്ലോകനായ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ അഭി. ക്ലീമീസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ സെപ്റ്റംബർ 30-ാം തീയതി ആചരിച്ചു. സ്വയംഭരണാവകാശത്തോടുകൂടി ഉൾഭരണ സ്വാതന്ത്ര്യത്തോടെയുള്ള ഭരണഘടന സുപ്രീം കോടതി

യെ കൊണ്ട് അംഗീകരിപ്പിച്ച ആ പുണ്യ പിതാവിന്റെ ആത്മാവ് അബ്രഹാമ്യ മടികളിൽ ആശ്വസിക്കുന്നതോടൊപ്പം നമുക്കു വേണ്ടി മദ്ധ്യസ്ഥത നടത്തട്ടെയെന്നും പ്രാർത്ഥിക്കുന്നു.

2019 മെയ് 21-ാം തീയതി കൂടിയ ക്നാനായ അസ്സോസിയേഷൻ തീരുമാനപ്രകാരം വൈദികരുടെ ശമ്പള വർദ്ധനവ് കൊടുക്കുന്നതിനുവേണ്ടി കേരളത്തിന് പുറത്തും വിദേശത്തും ഉള്ള പള്ളികൾ ഉൾപ്പെടെ എല്ലാ പള്ളികൾക്കും ഒരു ചെറിയ ശമ്പള വിഹിതം നൽകി വർദ്ധിപ്പിച്ച ശമ്പളം വിതരണം ചെയ്യുന്നതിനാണു തീരുമാനം എടുത്തിരുന്നത്. പള്ളി വിഹിതം അസ്സോസിയേഷനിൽ അവതരിപ്പിച്ചു പാസ്സാക്കി വിദേശങ്ങളിലും കേരളത്തിനു പുറത്തുമുള്ള എല്ലാം ദൈവാലയങ്ങളെയും അറിയിച്ചിട്ടുള്ളതാണ്. ഭൂരിഭാഗം പള്ളികളും അതു അടയ്ക്കുന്നുണ്ട് അവരുടെ ലിസ്റ്റ് ദീപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. എന്നാൽ ഇതുവരേയും ഒന്നും അടയ്ക്കാത്ത ബാക്കിയുള്ള പള്ളികൾ അതിൽ സഹകരിച്ച് പെട്ടെന്ന് അവരുടെ വിഹിതം സമുദായ ഓഫീസിൽ അയച്ചു കൊടുക്കണമെന്നും, സഹോദര വൈദികരുടെ കാര്യത്തിൽ വിദേശത്ത് ഉള്ള ബഹു. വൈദികർ മുൻകൈയ്യെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ക്നാനായ സമുദായ അതിഭദ്രാസന ആസ്ഥാനമായ മോർ അപ്രേം സെമിനാരി ഓഡിറ്റോറിയത്തിൽ ഗാന്ധിജയന്തി ദിനാഘോഷത്തിന്റെ ഭാഗമായി കേരള സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതി സംസ്ഥാന കമ്മിറ്റി Say No to Drugs - എന്ന യുവജന ലഹരി വിരുദ്ധ പോരാട്ട പരിപാടി സംഘടിപ്പിച്ചു. ബിഷപ്പ് മോർ ജേക്കബ് മുരിക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ക്നാനായ സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. ബിഷപ്പ് ഗിവർഗിസ് മോർ കൂറിലോസ് മുഖ്യപ്രഭാഷണം നടത്തി. സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, റവ. അലക്സ് പി. ഉമ്മൻ, ഫാ. മാത്യു കിഴക്കേ അറിഞ്ഞാണിയിൽ, റവ. ഫാ. വിൽസെന്റ് മുങ്ങാമാക്കൽ, അമ്മു മാത്യു കോശി മാത്യു, റിജേ നൈനാൻ, റോയ് പി. ചാക്കോ, ഫാ ഷിബിൻ മണിമലേത്ത്, ഫാ. ഏലിയാസ് എലവൻകുളം, എന്നിവർ പ്രസംഗിച്ചു.

ബഹുമാനപ്പെട്ട ആലുംമൂട്ടിലച്ചനും സഹധർമ്മിണിയും കൂടി 60 ലക്ഷം രൂപ ഫിക്സ്ഡ് ഡിപ്പോസിറ്റ് ഇട്ടു ആലുംമൂട്ടിൽ ഫാ. എ. റ്റി ഏബ്രഹം & ഡോ.ഏലിസബേത്ത് ഏബ്രഹാം എഡ്യുക്കേഷൻ & ചാരിറ്റബിൾ ട്രസ്റ്റ് തുടങ്ങി. അതിനുള്ള അംഗീകാരം 30-08-2019-ൽ കൂടിയ ക്നാനായ അസ്സോസിയേഷൻ കൊടുക്കുകയും ബൈലോ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. കഴിഞ്ഞ കോവിഡ് കാലത്ത് ആറ് ലക്ഷം രൂപ വൈദികരുടെ കുട്ടികളുടെ ഉപരിപഠനത്തിനും, സമുദായത്തിലെ ശുശ്രൂഷകർക്കും പാവപ്പെട്ടവർക്കുമായി വിതരണം ചെയ്തു. ഈ വർഷവും പലിശ ഇനത്തിൽ ലഭിച്ച 9 ലക്ഷത്തിൽപരം രൂപ സമുദായത്തിലെ വൈദികരുടെയും അവരുടെ കുട്ടികളുടെയും ഉപരിപഠനത്തിനും സാധുക്കളായ സമുദായ അംഗങ്ങളുടെ ഉന്നമനത്തിനുമായി മാറ്റിവെച്ചിട്ടുണ്ട് എന്നുള്ള കാര്യം സന്തോഷത്തോടെ അറിയിക്കട്ടെ.

ഈ ട്രസ്റ്റ് ചാരിറ്റബിൾ ട്രസ്റ്റ് ആയിട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ട്രസ്റ്റിന്റെ ഭാരവാഹികൾ സമുദായ മെത്രാപ്പോലീത്താ പ്രസിഡന്റും അതാത് കാലയളവിൽ തിരഞ്ഞെടുത്തു വരുന്ന അസ്സോസിയേഷൻ പ്രസിഡണ്ട്, വൈദിക ട്രസ്റ്റി, സമുദായ സെക്രട്ടറി, വികാരി ജനറാൾ, തുടങ്ങിയ ഔദ്യോഗിക ഭാരവാഹികളുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ഈ രീതികൾ ട്രസ്റ്റുകൾ ഉണ്ടാക്കിയാൽ എക്കാലവും സമുദായത്തിന്റെ കീഴിൽ തന്നെ പ്രവർത്തിക്കുവാൻ സംഗതി ആകും. ട്രസ്റ്റ് മെമ്പർമാരായ, അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി റവ.ഫാ. ഡോ. എ.റ്റി. ഏബ്രഹാം ആലുംമൂട്ടിൽ, റവ.ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരി, റവ.ഫാ. മോനായി ഫിലിപ്പ് കർക്കടകംപള്ളി, റവ. ഫാ. ഷാജി ജേക്കബ് പുത്തൻ പുരയ്ക്കൽ, റവ.ഫാ. തോമസ് ഏബ്രഹാം മലയശ്ശേരിൽ, റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ. കെ. എം. പുന്നൂസ് കുറ്റിയിൽ, റ്റോം പി. ജോസഫ് പട്ടരുമഠത്തിൽ എന്നീ കമ്മിറ്റിക്കാർ Zoom-ൽ കൂടി ഒരു മീറ്റിംഗ് കൂടുകയും ബഹുമാനപ്പെട്ട ആലുംമൂട്ടിൽ റവ.ഡോ. ഏ.റ്റി. ഏബ്രഹാം അച്ചന്റെ സഹധർമ്മണി ഡോ. ഏലിസബേത്ത് ഏബ്രഹാം ആലുംമൂട്ടിലിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്തു.

ഈ വർഷത്തെ ഫണ്ട് വിതരണം അടുത്ത ഒരു മീറ്റിംഗ് കൂടി ഉടനെ തന്നെ വിതരണം ചെയ്യുന്നതാണ്. വൈദികരുടെയും പാവപ്പെട്ടവരുടെയും ഉന്നമനത്തിനുവേണ്ടി തന്റെ അദ്ധ്വാനത്തിൽനിന്നും 60 ലക്ഷം രൂപ ഈ സംരംഭത്തിന് മുടക്കിയ ബഹുമാനപ്പെട്ട അച്ചനോടും കുടുംബത്തോടുമുള്ള ക്നാനായ സമുദായത്തിന്റെ അകമഴിഞ്ഞ നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

നമ്മുടെ സമുദായ ഭരണഘടനയിൽ പറഞ്ഞിരിക്കുന്നതുപോലെ പ്രവർത്തിക്കുവാൻ സമുദായത്തിലെ എല്ലാ സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും ട്രസ്റ്റുകൾക്കും ബാധ്യതയുണ്ട് ഈ ചട്ടക്കൂട്ടിൽ നിന്ന് നമ്മൾ പിന്മാറി നിന്നാൽ സമുദായത്തിന്റെ സ്വത്തുക്കൾ അന്യാധീനപ്പെട്ടു പോകുവാൻ സാഹചര്യം ഉണ്ടാകും എന്ന് എല്ലാവരും ഓർക്കണം. ഭരണഘടനയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ച നമ്മുടെ പല സ്വത്തുക്കളും നഷ്ടപ്പെട്ടു കഴിഞ്ഞു എന്ന് നാം മനസ്സിലാക്കണം. കുറിച്ചി തോട്ടവും മന്ദിരം സ്കൂളും ഒരു കാലത്ത് നമ്മുടെ സമുദായത്തിന്റെ ഭരണത്തിൻ കീഴിൽ ആയിരുന്നു. അതുപോലെ നമുക്ക് ഉണ്ടായിരുന്ന പല സ്വത്തുക്കളും നമുക്ക് നഷ്ടപ്പെട്ടു. ഭരണഘടന 158-ന്റെ ഡി എന്താണെന്ന് എല്ലാവരും അറിഞ്ഞിരിക്കണം.

അവിടെ ഇപ്രകാരമാണ് പറയുന്നത്. "ക്നാനായ സമുദായത്തിലെ എല്ലാ സംഘടനകൾക്കും ട്രസ്റ്റുകൾക്കും സ്ഥാപനങ്ങൾക്കും സൊസൈറ്റികൾക്കും പ്രത്യേക ഭരണഘടനകൾ ഉണ്ടായിരിക്കുന്നതും ക്നാനായ അസ്സോസിയേഷൻ അംഗീകാരം വാങ്ങിയിരിക്കേണ്ടതുമാണ്.

ഇങ്ങനെ ഭരണഘടനയിൽ വ്യക്തമായി പറഞ്ഞിരിക്കുമ്പോൾ ഏതെങ്കിലും സംഘടന അതിന് വിരുദ്ധമായി പ്രവർത്തിച്ചാൽ അസോസ്സിയേഷനിൽ അത് ചോദ്യം ചെയ്യേണ്ടി വരും ആയതിനാൽ എല്ലാ സംഘടനകളുടെയും ട്രസ്റ്റുകളുടെയും സ്ഥാപനങ്ങളുടേയും കണക്കുകളും അനുബന്ധമായ പ്രവർത്തനങ്ങൾക്ക് ക്നാനായ കമ്മിറ്റിയുടെയും അസ്സോസിയേഷന്റെയും നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുകയും ആയതിന്റെ കണക്കുകൾ അസ്സോസിയേഷനിൽ അവതരിപ്പിക്കുകയും വേണം എന്നു വളരെ വിനയത്തോടെ അറിയിക്കുന്നു.

22-1-2019 ൽ കൂടിയ ക്നാനായ അസ്സോസിയേഷനിൽ എടുത്ത 5 തീരുമാനങ്ങൾ പള്ളികളിലെ ഭരണ സമിതിയുടെ കാലാവധി ഒരു വർഷം എന്നുള്ളത് രണ്ടുവർഷം ആക്കിയതും, മാമോദീസായുടെയും ഒത്തു കല്യാണത്തിന്റെയും ഫീസ് നൂറു രൂപയാക്കി വർദ്ധിപ്പിച്ചതും, പകർപ്പു ഫീസ് വർദ്ധിപ്പിച്ചതും, അസ്സോസിയേഷൻ കാലാവധി മൂന്നു വർഷം എന്നുള്ളത് അഞ്ചുവർഷം ആക്കിയതും നടപ്പിലാക്കാൻ പാടില്ല എന്ന ആവശ്യവുമായി രണ്ട് അസോസ്സിയേഷൻ മെമ്പർമാർ കോട്ടയം മുൻസിഫ് കോടതിയിൽ കൊടുത്ത കേസിന് ഇന്നുവരെയും ഒരു വിധിയോ സ്റ്റേയോ ഉണ്ടായിട്ടില്ല. അസ്സോസിയേഷൻ എടുത്ത അഞ്ചു തീരുമാനങ്ങളും നടപ്പിലാക്കുകയും ചെയ്തു.

നിർഭാഗ്യമെന്നു പറയട്ടെ ക്നാനായ അസ്സോസിയേഷൻ പ്രസിഡണ്ടിനെയും, സമുദായമെത്രാപ്പോലീത്തയേയും പ്രതിയാക്കി വീണ്ടും കേസ് കേരള ഹൈക്കോടതിയിൽ. മുമ്പ് മുൻസിഫ് കോടതിയിൽ കേസ് കൊടുത്ത രണ്ടു അസ്സോസിയേഷൻ മെമ്പർമാർ തന്നെ പുതിയതായി കേസ് കൊടുത്തിരിക്കുകയാണ്. അസോസ്സിയേഷൻ നടപ്പിലാക്കി കഴിഞ്ഞ കാര്യങ്ങൾ വീണ്ടും കേസുകൊടുത്ത് സമുദായത്തെ ബുദ്ധിമുട്ടിലാക്കിക്കൊണ്ടിരുന്ന അവരോട് ദൈവം ക്ഷമിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മറ്റുള്ള ക്രൈസ്തവ സഭകൾക്ക് ഒപ്പം എത്തുന്നതിന് വേണ്ടി ക്നാനായ കമ്മറ്റിയുടെ പ്രവർത്തങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന സമുദായ മെത്രാപ്പോലീത്തായോടും ഞങ്ങളെ സഹായിക്കുന്ന എല്ലാ അസ്സോസിയേഷൻ അംഗങ്ങളോടും വൈദിക ശ്രേഷ്ഠരോടും സമുദായ അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു. മേലിലും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ക്നാനായ കമ്മിറ്റിക്കുവേണ്ടി,

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

സമുദായ സെക്രട്ടറി

# സെന്റ് മേരീസ് ക്നാനായ സിറിയൻ ഓർത്തഡോക്സ് ചർച്ച്, അഡലയ്ഡ്, ഓസ്ട്രേലിയ

സർവ്വശക്തനായ ദൈവത്തിന്റെ അളവറ്റ കരുണയാലും, കൃപയാലും, ഓസ്ട്രേലിയൻ ക്നാനായ കമ്മ്യൂണിറ്റിയുടെ മൂന്നാമത്തെ ദൈവാലയം 2021 ഏപ്രിൽ 16–ാം തീയതി അഭി. സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ അനുഗ്രഹീത കല്പന No. 34/21 അനുസരിച്ച് Adelaide Knanaya Congregation – നെ ദൈവജനനിയും, ഭാഗ്യവതിയുമായ ദൈവമാതാവിന്റെ അനുഗ്രഹിത നാമധേയത്തിൽ St. Mary's Knanaya Syrian Orthodox Church, Adelaide ആയി ഉയർത്തി അനുഗ്രഹിച്ച് ആരാധന ആരംഭിച്ച വിവരം ക്നാനായ മക്കളെ ഏറ്റവും വിനയത്തോടും, അഭിമാനത്തോടും അറിയിക്കട്ടെ.

അഡലയ്ഡ് ക്നാനായ മക്കളുടെ ചിരകാല സ്വപ്നം ആയിരുന്നു ക്നാനായ കമ്മ്യൂണിറ്റിയ്ക്ക് വി. കുർബ്ബാന അർപ്പിച്ച് ആരാധിക്കുവാൻ ഒരു ദൈവാലയം ഉണ്ടാകുക എന്നത്. ആ വിവരം സമുദായ മെത്രാപ്പോലീത്തായെ അറിയിക്കുകയും അതിനു ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു തരുകയും ചെയ്തു. സാധാരണ ഒരു Congregation നെ ചർച്ചായി ഉയർത്തുന്നത് മെത്രാപ്പോലീത്തന്മാർ നേരിട്ട് വന്ന് പ്രഖ്യാപനം നടത്തുകയാണ് പതിവ്. എന്നാൽ കോവിഡ്–19 ന്റെ ഈ പ്രത്യേക സാഹചര്യത്തിൽ വരുവാനും പ്രഖ്യാപനം നടത്തുവാനും സാധ്യമായിരുന്നില്ല. അതിനാൽ സമുദായ മെത്രാപ്പോലീത്തായുടെ കല്പന അനുസരിച്ച് ബലഹീനനായ എന്നെ അതിന് ചുമതലപ്പെടുത്തിയത് ഒരു ദൈവനിയോഗം ആയി കാണുന്നു. കാരണം ഒരു പുരോഹിതനും ലഭിക്കാത്ത ഒരു അനുഗ്രഹമാണ് Adelaide –ന് ലഭിച്ചത്.

പരി.സഭയുടെ തലവനും പരി.പത്രോസിന്റെ ശ്ലൈഹിക സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളുന്ന പരി.പിതാവായ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ ബാവായോടും, സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയോടും, അഭി കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് തിരുമേനിയോടും, അഭി.കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനിയോടും അഭി. ഡോ.അയൂബ് മോർ സിൽവാനോസ് തിരുമേനിയോടും ഓഷ്യാന ക്നാനായ കമ്മ്യൂണിറ്റിയുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

സമുദായ മെത്രാപ്പോലീത്തായുടെ കല്പന അനുസരിച്ച് പ്രഥമ വികാരിയായി നിയമിക്കപ്പെട്ട ബഹു ഡോ. ജയിംസ് തോടത്തിൽ അച്ചൻ ഓസ്ട്രേലിയായിൽ കടന്നുവരുകയും ഇവിടെയുള്ള ക്നാനായ മക്കളെ കൂട്ടിച്ചേർത്ത് ഓസ്ട്രേലിയായിലും, ന്യൂസിലാന്റിലും ആരാധന ആരംഭിക്കാനും അച്ചനു കഴിഞ്ഞു. അതിനു ശേഷം ബഹു. സന്തോഷ് കല്ലോലിക്കൽ അച്ചൻ, ബഹു. ബിബിൻ തിരുനിലം അച്ചൻ, ബഹു. ജോമോൻ അച്ചൻ എന്നിവർ ഇവിടെ ശുശ്രൂഷ നടത്തുന്നു. ഇന്ന് ക്നാനായ സമുദായത്തിലെ നാലു പുരോഹിതന്മാർ ഇവിടെ ശുശ്രൂഷ അർപ്പിക്കുന്നത് നന്ദിയോടെ സ്മരിക്കുന്നു. ഇനിയും ധാരാളം പുരോഹിതന്മാർ ഇവിടെ ശുശ്രൂഷിക്കുവാൻ ആവശ്യമായിട്ടുണ്ട്. വരും നാളുകളിൽ ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഇന്ന് ഏറ്റവും കൂടുതൽ ക്നാനായ മക്കൾ താമസിക്കുന്ന Melbourne St. Peter's Knanaya Church ന്റെ പ്രഥമ റസിഡന്റ് വികാരിയായിട്ടും St. Mary's Knanaya Syrian Orthodox Church, Adelaide ന്റെ പ്രഥമ വികാരിയായും ശുശ്രൂഷ അർപ്പിക്കുവാൻ കഴിയുന്നതിൽ ദൈവത്തിന് മഹത്വം കരേറ്റികൊണ്ട് ഓഷിയാന ക്നാനായ കമ്മ്യൂണിറ്റിക്ക് എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്

Vicar, Fr. Biby Abraham Kizhakemuriyil
0410634104
Secretary- Mathew Thomas 0415625380
Trustee - Dr. Jacob Abraham 0401548389

ജനുവരി -15: ഇടവകയുടെ വലിയപെരുന്നാൾ
ഏപ്രിൽ -16: ഇടവക ദിനം (Parish day)

**Australia and New Zealand Churches**

1. St.Mary's Knanaya Church, Sydney
2. St. Peter's Knanaya Church, Melbourne
3. St. Mary's Knanaya Syrian Orthodox Church, Adelaide

**Congregations**

1. St.Mary's Knanaya Congregation, Perth
2. St. Stephen's Knanaya Congregation, Gold Coast
3. St. Jacob's Knanaya Congregation, Bristane
3. St.Mary's Congregation, New Zealand

## മാർ ക്ലീമ്മീസ് അനുസ്മരണ സമ്മേളനവും, മെറിറ്റ് അവാർഡ് വിതരണവും അഡ്വ. പ്രമോദ് നാരായണൻ എ.എൽ.എ. ഉദ്ഘാടനം ചെയ്തു.



സമൂഹത്തെ അത്ഭുതപ്പെടുത്തുന്ന നന്മയുടെ വെളിച്ചവും മാർഗ്ഗദീപം ആയിരുന്നു കാലം ചെയ്ത ഏബ്രഹാം മോർ ക്ലീമീസ് തിരുമേനി എന്ന് അഡ്വ. പ്രമോദ് നാരായണൻ എം.എൽ.എ. പറഞ്ഞു. മറ്റുള്ളവരുടെ നല്ലതിനുവേണ്ടി അവരുടെ കാഴ്ചപ്പാടുകൾ അനുസരിച്ച് ജീവിക്കുവാൻ കാലം ചെയ്താലും ജനമനസ്സിൽ നിന്ന് വിടവാങ്ങുകയില്ലെന്ന് എം.എൽ.എ. പറഞ്ഞു. അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. രാജൻ ഏബ്രഹാം കുളമട, ശ്രീ. രാജു ഏബ്രഹാം എക്സ്.എം.എൽ.എ., ഫാ. റോയി മാത്യൂസ് കോർ എപ്പിസ്ക്കോപ്പാ, ശ്രീ. ആലിച്ചൻ ആറൊന്നിൽ, ജോസ് വെള്ളാവൂർ, പ്രസാദ് സ്റ്റീഫൻ കാവുങ്കൽപുരയിൽ, അഡ്വ. ബിന്ദു റെജി, സ്മിജു മറ്റയ്ക്കാട്ട്, ബിബിൻ കല്ലംപറമ്പിൽ, സാമോൻ വാണിയേടത്ത്, ബിച്ചു ഐക്കാട്ടുമണ്ണിൽ, ജെബിൻ കാവുങ്കൽ, ടിങ്കു പുല്ലമ്പള്ളി, ഷീബി പുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

# കോവിഡ് പ്രതിരോധ സാമഗ്രികൾ നൽകി ഷാർജ സെന്റ് മേരീസ് ക്നാനായ യൂത്ത് അസ്സോസിയേഷൻ

കോട്ടയം ജില്ലാ ആശുപത്രി, നാട്ടകം എന്നിവിടങ്ങളിലെ CFLTC കളിൽ കോവിഡ് ചികിത്സ, പ്രതിരോധ സാമഗ്രികൾ ഷാർജ സെന്റ് മേരീസ് ക്നാനായ യൂത്ത് അസ്സോസിയേഷൻ നൽകി. ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി വിതരണോദ്ഘാടനം നടത്തി. ഡോ. ജ്യോതി സൂസൻ ജോയ് (മെഡിക്കൽ ഓഫീസർ നാട്ടകം) ഏറ്റു വാങ്ങി. ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം, ഷാർജ ക്നാനായ യൂത്ത് അസ്സോസിയേഷൻ വൈസ് പ്രസിഡന്റ് ടിംസ് തോമസ്. ടോണി, അജിൽ, ജിൻസ് എന്നിവർ പങ്കെടുത്തു.

ഇരവിപേരൂർ, CFLTC യിലേയ്ക്ക് കോവിഡ് പ്രതിരോധനത്തിനുള്ള മരുന്നുകളും, മറ്റ് അനുബന്ധ സാമഗ്രികളും കല്ലിശ്ശേരി മേഖലാ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്നും ബഹു. ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ് ഏറ്റുവാങ്ങി. ഇരവിപേരൂർ പഞ്ചായത്ത് പ്രസിഡന്റ് ശശിധരൻ പിള്ള സന്നിഹിതനായിരുന്നു.

റാന്നി കോവിഡ് ചികിത്സാ കേന്ദ്രത്തിനും പ്രതിരോധ പ്രവർത്തന കേന്ദ്രങ്ങൾക്കും 2.25 ലക്ഷം രൂപയുടെ മെഡിക്കൽ ഉപകരണങ്ങളും അനുബന്ധ സാധനങ്ങളും ഷാർജ സെന്റ് മേരീസ് ക്നാനായ യൂത്ത് അസ്സോസിയേഷൻ റാന്നി മേനാംതോട്ടം കോവിഡ് രണ്ടാംതല ചികിത്സാകേന്ദ്രം, മാർ ക്രിസോസ്റ്റം പാലിയേറ്റീവ് കെയർ എന്നിവിടങ്ങളിൽ വിതരണം ചെയ്തു.

റാന്നി മേഖലാ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനി വിതരണോദ്ഘാടനം നിർവ്വഹിച്ചു. മേനാന്തോട്ടം കേന്ദ്രത്തിനായി അങ്ങാടി പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു റെജിയും പാലിയേറ്റീവ് കെയറിനായി സെക്രട്ടറി പി.ആർ പ്രസാദും ഏറ്റുവാങ്ങി. റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവക വികാരി ഫാ.രാജൻ കുളമടയിൽ, അങ്ങാടി പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം. എം. മുഹമ്മദ് ഖാൻ, ബ്ലോക്ക് ഗ്രാമ പഞ്ചായത്തംഗങ്ങളായ ജേക്കബ് സ്റ്റീഫൻ, ജെവിൻ കാവുങ്കൽ. എം.കെ ആൻഡ്രൂസ്, ഷാർജ ക്നാനായ യൂത്ത് അസ്സോസിയേഷൻ വൈസ് പ്രസിഡന്റ് ടിംസ് തോമസ്, ഒ.ടി.ദിപിൻദാസ്, വിജോയ് പുള്ളോലി എന്നിവർ പങ്കെടുത്തു.

നാട്ടകം, ഇരവിപേരൂർ, റാന്നി എന്നിവിടങ്ങളിലായി 5 ലക്ഷം രൂപയുടെ മെഡിക്കൽ ഉപകരണങ്ങളാണ് അസ്സോസിയേഷൻ വിതരണം ചെയ്തതെന്ന് ഷാർജാ സെന്റ് മേരീസ് യൂത്ത് അസ്സോസിയേഷൻ ഭാരവാഹികളായ ഫാ. തോമസ് മലയശ്ശേരിൽ. ടിംസ് തോമസ്, സന്തോഷ് കുര്യൻ, ടെന്നി സണ്ണി എന്നിവർ അറിയിച്ചു. ●

# അഞ്ചാമത്തെ കുട്ടിക്ക് ഒരു പവൻ സമ്മാനം



ക്നാനായ സമുദായം, മറ്റെല്ലാ സമുദായ അംഗങ്ങളെയും സഭകളെയും വച്ച് അംഗസംഖ്യയിൽ വളരെ കുറവാണല്ലോ. നാം നൂറ്റാണ്ടുകളായി വേദപുസ്തക അടിസ്ഥാനത്തിൽ തുടർന്നു പോരുന്ന നമ്മുടെ വംശശുദ്ധിയും, ക്നാനായ തനിമയും നിലനിർത്തുന്നതു മൂലം ക്നാനായ കുടുംബങ്ങളുടെ എണ്ണം കുറഞ്ഞു കൊണ്ടിരിക്കുകയാണ്. ചിങ്ങവനം ദയറാ പള്ളി ഇടവകയിലെ കൊണ്ടൂർ സോമോനും സഹധർമ്മിണിക്കും കൂടി ഉണ്ടായ അഞ്ചാമത്തെ ആൺകുട്ടിക്ക് അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനി ഒരു പവൻ സമ്മാനം നൽകുന്നു. സമുദായത്തിലെ മുഴുവൻ ദമ്പതികൾക്കും വേണ്ടി സമുദായ അംഗങ്ങളുടെ സഹകരണത്തോടെ ശ്രീ. തോമസ് ജോൺ (മോൻ) കുളങ്ങര (ട്രസ്റ്റി മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ്) യുടെ നേതൃത്വത്തിൽ ക്നാനായ സമുദായത്തിലെ ദമ്പതികൾക്ക് ഉണ്ടാകുന്ന അഞ്ചാമത്തെ കുട്ടിക്ക് ഒരു പവൻ സമ്മാനമായി നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. സമ്മാനാർഹരായവർ ഇടവക വികാരി മുഖാന്തിരം ബന്ധപ്പെടുക.

# ക്നാനായ ദീപം വായനാ സംഗമവും ദീപാങ്കുരം സമ്മാനദാനവും നടത്തി

ക്നാനായ ദീപത്തിന്റെ ആഭിമുഖ്യത്തിൽ വായനാ സംഗമവും ദീപാങ്കുരം - 2021 വിജയികൾക്കുള്ള സമ്മാനദാനവും നടത്തി. ചീഫ് എഡിറ്റർ റോയി മാത്യൂസ് കോർ എപ്പിസ്ക്കോപ്പാ മുളമൂട്ടിലിന്റെ അദ്ധ്യക്ഷതയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, മാനേജിംഗ് എഡിറ്റർ ഫാ.ജേക്കബ് കല്ലുകുളം, ക്ലീമ്മീസ് പ്രസ്സ് മാനേജർ ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ, എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ റ്റി.എസ്. മാത്തുക്കുട്ടി തെക്കേപറമ്പിൽ, സിബി തോണ്ടുകുഴിയിൽ, അനു പാടകശ്ശേരിൽ, കെ.എം. തോമസ് കൊമറത്തുംപറമ്പിൽ, എന്നിവർ പ്രസംഗിച്ചു. ലേഖന മത്സരത്തിൽ ലീലാമ്മ ഏബ്രഹാം പാലക്കുടിയിൽ, സി.സി. ബാബു അറയ്ക്കൽ, കവിതാ രചനാ മത്സരത്തിൽ പ്രൊഫ. ബേബി ഏബ്രഹാം പുളിയ്ക്കാവിൽ, ലില്ലിക്കുട്ടി ചെറിയാൻ പുളിമൂട്ടിൽ, ചെറുകഥാ മത്സരത്തിൽ അൻസു രാജു മങ്ങച്ചാലിൽ എന്നിവർക്കുള്ള സമ്മാനവും നൽകി. ●

ST. MARY'S VOICE EVENT'Z
VELIYANADU
PH: 9400753781, 9387613505

Chantham Charthu, Mylanchi, Choir
Ganamela, Fusion, Margamkali
Dance, DJ, Light & Sound
Stage Decoration, Photography
Car, Catering, Barber, Vadhyamelam etc...



# ഭൂമിയിൽ ആരെയെങ്കിലും പിതാവ് എന്നു വിളിക്കാമോ?

## മല്പാനോടു ചോദിക്കാം

"ഭൂമിയിൽ ആരേയും പിതാവ് എന്നു വിളിക്കരുത്, ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ് സ്വർഗ്ഗസ്ഥൻ തന്നെ" (മത്തായി 23:9) എന്നു കർത്താവു പറഞ്ഞിരിക്കെ നാം ആരെയെങ്കിലും പിതാവ് എന്നു വിളിക്കുന്നതു ശരിയാണോ എന്നു ചോദിക്കാറുണ്ട്. വി. ബൈബിളിലെ വാക്യങ്ങൾ വ്യാഖ്യാനിക്കുമ്പോൾ അതു പറഞ്ഞ സാഹചര്യവും ഉദ്ദേശവും മനസ്സിലാക്കി വ്യാഖ്യാനിക്കേണ്ടതാണ്. സ്വന്തം പിതാവിനെ അപ്പൻ, ഡാഡി, പപ്പ, അച്ചൻ എന്നിങ്ങനെ ഏതു വാക്ക് ഉപയോഗിച്ച് വിളിച്ചാലും അതിനെല്ലാം പിതാവ് എന്നാണല്ലോ അർത്ഥം. അങ്ങനെ വിളിക്കുന്നതു തെറ്റ് ആകുമോ? ഒരിക്കലുമില്ല. എന്നാൽ ദൈവത്തെ പിതാവെന്നു വിളിക്കുന്ന അർത്ഥത്തിൽ ഭൂമിയിൽ ആരെയും പിതാവ് എന്നു വിളിക്കരുത് എന്നാണ് യേശു ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്. യേശു അരുളിചെയ്തു "എന്നാൽ നിങ്ങളുടെ ദൈവം എന്ന് നിങ്ങൾ വിളിക്കുന്ന എന്റെ പിതാവാണ് എന്നെ മഹത്വപ്പെടുത്തുന്നത്" (യോഹ.8:54). യേശുവിന്റെയും പിതാവ്, അതായത് സർവ്വശക്തനായ ദൈവം എന്ന അർത്ഥത്തിൽ ഭൂമിയിൽ ആരേയും പിതാവെന്നു വിളിക്കരുത്. എന്നാൽ മാനുഷിക അർത്ഥത്തിൽ ആരേയും പിതാവെന്നു വിളിക്കുന്നത് തെറ്റാവുകയില്ല. അതുകൊണ്ടാണ് അബ്രഹാമിനേയും ദാവീദിനേയും ഒക്കെ പിതാവെന്ന് വചനം വിളിക്കുന്നത്.

മാമോദീസാ (സ്നാനം) മൂലം നമ്മെ ജനിപ്പിക്കുന്ന ആത്മീയ പിതാക്കന്മാരേയും, സത്യവിശ്വാസം പഠിപ്പിക്കുന്നവരേയും പിതാവെന്നു വിളിക്കുന്ന പാരമ്പര്യം അപ്പോസ്തോലിക കാലം മുതൽ പരി.സഭയിലുണ്ട്. വി.പൗലോസ് തന്റെ വചനപ്രഘോഷണം വഴി ക്രിസ്ത്യാനികളായവരുടെ പിതൃത്വം അവകാശപ്പെട്ടു "നിങ്ങൾക്കു ക്രിസ്തുവിൽ പതിനായിരം ഉപദേഷ്ടാക്കൾ ഉണ്ടായിരിക്കാം. എന്നാൽ പിതാക്കന്മാർ അധികം ഇല്ല. സുവിശേഷപ്രസംഗം വഴി യേശുക്രിസ്തുവിൽ നിങ്ങൾക്കു ജന്മം നൽകിയത് ഞാനാണ്" (1 കൊരി.4:15).

തന്റെ ശിഷ്യന്മാരായ തീമോത്തിയോസിനേയും, തീത്തോസിനേയും ഒനേസിമോസിനേയും ഒക്കെ വി.പൗലോസ് മകൻ എന്ന് അഭിസംബോധന ചെയ്തിട്ടുണ്ട്. (1 കൊരി. 4:17, 1 തീമോ. 1:18, 2. തീമോ.2:1, തീത്തോ.1:4, 1 തെസ. 2:11, ഫിലെ.1:10). ആത്മീയപിതൃത്വം ഉള്ളതുകൊണ്ടാണ് ആത്മീയ പിതാക്കന്മാരെ പിതാവെന്നു വിളിക്കുന്നത്.

ഭൗമിക പിതാക്കന്മാരെ വി. ബൈബിൾ അതേ അർത്ഥത്തിൽ പിതാവെന്ന് വിളിക്കുന്നത് "ഇതിനു പുറമെ നമ്മെ തിരുത്തുന്നതിന് നമുക്ക് ഭൗമിക പിതാക്കന്മാർ ഉണ്ടായിരുന്നു. നാം അവരെ ബഹുമാനിക്കുകയും ചെയ്തു'' (ഹെബ്രാ.12:9-10).

യേശു തമ്പുരാൻ തന്നെ യഹൂദരുടെ ഭൂമിയിലെ പിതാക്കന്മാരെ, പിതാക്കന്മാർ എന്ന് അഭിസംബോധന ചെയ്തിട്ടുണ്ട് (മത്തായി 23:30). ''നിങ്ങളുടെ പിതാക്കന്മാരുടെ പ്രവർത്തികൾ നിങ്ങൾ പൂർത്തിയാക്കുവിൻ" (മത്തായി 23:32) "നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ വച്ചു മന്നാ ഭക്ഷിച്ചു" (യോഹ. 6:49). ഇവിടെയെല്ലാം അവരുടെ ഭൗമിക പിതാക്കന്മാരെയാണ് യേശു ഉദ്ദേശിച്ചത്.

സ്തേപ്പാനോസ് കേൾവിക്കാരെ പിതാക്കന്മാർ എന്ന് അഭിസംബോധന ചെയ്തു (അപ്പോ.7:2). വി.പൗലോസ് കേൾവിക്കാരെ പിതാക്കന്മാർ എന്നു വിളിച്ചു (അപ്പോ.22:1). യോഹന്നാൻ ശ്ലീഹാ തന്റെ ലേഖനത്തിൽ "പിതാക്കന്മാരേ ഞാൻ നിങ്ങൾക്ക് എഴുതുന്നു" (1 യോഹ.2:13) എന്നു പറയുന്നു. കുഷ്ഠരോഗിയായ നാമാനെ ഭൃത്യന്മാർ പിതാവേ എന്നു വിളിക്കുന്നു (2 രാജ.5:13).

ചുരുക്കത്തിൽ, പൂർവ്വികരേയും വളരെ കൂടുതൽ പ്രായമുള്ളവരേയും, ആത്മീയ പിതാക്കന്മാരേയും എല്ലാം പിതാവ് എന്നു വിളിക്കാം. എന്നാൽ സ്വർഗ്ഗസ്ഥനായ പിതാവിന്റെ സ്ഥാനത്ത് സർവ്വശക്തനായ ദൈവം മാത്രമേയുള്ളു. അതുകൊണ്ട് ദൈവത്തിന്റെ സ്ഥാനത്ത് അതേ അർത്ഥത്തിൽ ആരേയും പിതാവ് എന്നു വിളിക്കരുത്.

# സ്കൂൾ രത്ന ദേശീയ അദ്ധ്യാപക പുരസ്ക്കാരം അനൂബ് ജോണിന്



കേരളം ആസ്ഥാനമായതും ഭാരതത്തിൽ ആകെയും വിദ്യാഭ്യാസരംഗത്ത് സജീവ ഇടപെടലുകൾ നടത്തി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ നവോത്ഥാന വിചക്ഷണരുടെ കൂട്ടായ്മ സ്കൂൾ അക്കാദമിയുടെ ഈ വർഷത്തെ സ്കൂൾ രത്ന ദേശീയ അദ്ധ്യാപക പുരസ്ക്കാരം രാമമംഗലം ഹൈസ്കൂൾ സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ അനൂബ് ജോണിന്. പൊതുവിദ്യാലയ ശാക്തീകരണ പരിപാടിയുടെ ഭാഗമായി അദ്ധ്യാപകരുടെ സേവന പ്രവർത്തനങ്ങൾക്കാണ് അവാർഡ് നൽകിവരുന്നത്. ഐ.എസ് ഒ. സർട്ടിഫിക്കേഷൻ ഉള്ള എൻ.ജി.ഒ. വിവിധ സംസ്ഥാനങ്ങളിലെ അദ്ധ്യാപകരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ആണ് പുരസ്ക്കാരം നൽകുന്നത്. മോട്ടിവേഷൻ സ്പീക്കറും എഴുത്തുകാരനും ആണ്. എറണാകുളം ജില്ലയിലെ രാമമംഗലം ഹൈസ്കൂൾ സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ കമ്മ്യൂണിറ്റി പോലീസ് ഓഫീസറും എസ്.വി.സി ജില്ലാ അദ്ധ്യാപക കോർഡിനേറ്ററും കൂടിയാണ്. ഭാര്യ മായ (നേഴ്സ്), മക്കൾ എഫ്രോൺ, എസ്തേർ. രാമമംഗലം സെന്റ് ജേക്കബ്സ് ക്നാനായവലിയപള്ളി ഇടവകാംഗവും ക്നാനായ അസ്സോസിയേഷൻ മെമ്പറും ആണ്. ●

# 45th Wedding Anniversary

03-10-2021



## THOMAS MATHEW & LEELAMMA THOMAS

**Alencheril, Vakathanam**

Thank you Lord for all Blessings
with lots of Love and Prayers

കൊച്ചുമക്കൾ
1. ഗബ്രിയേല ആൻ അലക്സ് & ഗാവിൻ ജോസഫ് അലക്സ്
2. ആരോൺ തോമസ് & ഡാരൻ തോമസ്
3. ഡാനിൽ തോമസ് & അഡോൺ തോമസ്

Advt -O



# വിവാഹിതരായി



കറ്റോട് ചെറുമടക്കാലായിൽ മനു മാത്യു കുര്യന്റെയും സാനി ലൂക്കോസിന്റെയും മകൻ **മാത്യൂസ് കുര്യനും** റാന്നി താഴത്ത് സെൽബി മാത്യൂസിന്റെയും ബിൻസി സെൽബി മാത്യൂസിന്റെയും മകൾ **പൂജ സെൽബി മാത്യൂസും** തമ്മിലുള്ള വിവാഹം 10-07-2021 -ൽ അഭി. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളിയിൽ നടത്തപ്പെട്ടു.

Advt -0

# ക്നാനായദീപം ദീപാങ്കുരം 2021 വായനാ സംഗമം




ക്നാനായദീപം ദീപാങ്കുരം 2021 വായനാ സംഗമം **ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** ഉദ്ഘാടനം ചെയ്യുന്നു. ചീഫ് എഡിറ്റർ റവ. ഫാ. റോയി മാത്യു കൊറെപ്പിസ്കോപ്പ മുളമൂട്ടിൽ, മാനേജിംഗ് എഡിറ്റർ ഫാ. ജേക്കബ് കല്ലുകുളം, സമുദായ സെക്രട്ടറി ടി. ഒ. ഏബ്രഹാം തോട്ടത്തിൽ, ക്ലീമിസ് പ്രസ്സ് മാനേജർ ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ, എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ ടി. എസ്. മാത്തുക്കുട്ടി തേക്കേപ്പറമ്പിൽ, അനു കുര്യൻ പാടകശ്ശേരിൽ, സിബി മാത്യു തോണ്ടുകുഴിയിൽ, കെ. എം. തോമസ് കൊമറത്തുംപറമ്പിൽ എന്നിവർ സമീപം


**പരസ്യചാർജ്ജുകളും വരിസംഖ്യയും അടയ്ക്കുന്നതിന്**

Knanayadeepam Bank Details

**A/c.No. 57004254154**
**Chef Editor and Mg. Editor**
**Knanayadeepam**
**SBI Chingavanam**
**IFSC SBIN 0070128**

**Knanayadeepam**
**A/c.No. 12990200001178**
**Federal Bank,**
**Chingavanam.**
**IFSC. FDRL 0001299**



ഫോൺ. 9447563240,
8547584440
kna.deepam@gmail.com.


## കോവിഡ് പ്രതിരോധ മരുന്നുകളും ചികിത്സാ സാമഗ്രികളും നല്കി ഷാർജ സെന്റ് മേരീസ് ക്നാനായ യൂത്ത് അസ്സോസിയേഷൻ



ചിങ്ങവനം മേഖലയിൽ സമുദായ മെത്രപ്പോലീത്താ അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി വിതരണ ഉദ്ഘാടനം നിർവ്വഹിക്കുന്നു.



കല്ലിശ്ശേരി മേഖലയിൽ അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്നും ബഹു. ആരോഗ്യവകുപ്പുമന്ത്രി വീണാ ജോർജ്ജ് ഏറ്റുവാങ്ങുന്നു



റാന്നി മേഖലയിൽ അഭിവന്ദ്യ കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനി വിതരണ ഉദ്ഘാടനം നിർവ്വഹിക്കുന്നു.

13-09-1971 (THEN)



# 50th Wedding Anniversary

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി

13-09-2021 (NOW)



## THAMPI MATHEW
## &
## JOLLY MATHEW

പഴയപീടികയിൽ,
കല്ലിശ്ശേരി
(എറണാകുളം)

By All Loved Ones

## വിവാഹിതരായി



Advt -0

കല്ലിശ്ശേരി സെന്റ് മേരീസ് വലിയ പള്ളി ഇടവകയിൽ തേവരുഴത്തിൽ (തിരുവനന്തപുരം) ഏ.ടി. ജേക്കബിന്റെയും (റെജി) നാൻസി ജേക്കബിന്റെയും മകൻ **നെവിൽ ജേക്കബും** ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളി ഇടവകയിൽ കണ്ണമ്പുറം സജി കുരുവിളയുടെയും ബെസ്സി കുരുവിളയുടെയും മകൾ **അമ്മു കുരുവിളയും** തമ്മിലുള്ള വിവാഹം 03 – 7 – 2021 – ൽ **സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ** മുഖ്യ കാർമികത്വത്തിൽ കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

## വിവാഹിതരായി



കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായപള്ളി ഇടവകയിൽ പഴയപീടികയിൽ ഷാജി പി. തോമസിന്റെയും അനിത ഷാജിയുടെയും മകൻ **Ashwin Shaji-യും** നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയപള്ളി ഇടവകയിൽ ചെറുശ്ശേരിക്കളം സി.കെ. ബേബിയുടെയും ജയമോൾ ബേബിയുടെയും മകൾ **Geenu Baby-യും** തമ്മിലുള്ള വിവാഹം 2021സെപ്റ്റംബർ 11 – ന് **അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ** മുഖ്യകാർമികത്വത്തിൽ കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയ പള്ളിയിൽ വച്ച് നടത്തപ്പെട്ടു

*Best Compliments from:* **Madona Marbles & Granites,** M.C. Road, Pallom, Kottayam. Ph: 8943341603
**Branch**: T.K.Road, Kumbanad, Thiruvalla. Ph: 7025081112

Advt -O

# അഡ്മിഷൻ കാലം... ചില ഉന്നത വിദ്യാഭ്യാസ ചിന്തകൾ



സുനിൽ ഡി. കുരുവിള

MBBS ഇന്ന് വലിയ സംഭവം ഒന്നുമല്ല

NEET പരീക്ഷ കഴിഞ്ഞു. ഇന്ന് അതുകൊണ്ടു തന്നെ ധാരാളം ഫോൺ കാളുകൾ വന്നു. "സാർ MBBS ആണ് മനസ്സിൽ ഉണ്ടായിരുന്നത്. കിട്ടുമെന്ന് തോന്നുന്നില്ല."

'മോൻ വളരെ നിരാശയിലാണ്'. കഴിഞ്ഞ വർഷം കിട്ടാഞ്ഞതുകൊണ്ടു repeat ചെയ്തതാണ്. ഇപ്രാവശ്യം തീരെ പ്രതീക്ഷയില്ല"

"Neet കിട്ടുന്നില്ലെങ്കിൽ വേറെ വല്ല നല്ല കോഴ്സും ഉണ്ടോ?"

പ്രിയ മാതാപിതാക്കളെ, കുട്ടികളെ,

ഇന്ന് MBBS ലോകത്തെ വലിയ സംഭവം ഒന്നും അല്ല. MBBS നു അപ്പുറം ലോകം അവസാനിക്കും എന്നുള്ള മനോഭാവം ആണ് ആദ്യം മാറേണ്ടത്.

ഏതു മത്സര പരീക്ഷക്ക് ഇന്ത്യയിൽ തയ്യാറെടുക്കുമ്പോഴും ഒന്നോ രണ്ടോ fall back options കൂടി പ്ലാൻ ചെയ്യണം. ലോകത്തു ഏറ്റവും വലിയ അഡ്മിഷൻ മത്സരം നടക്കുന്ന ഒരു രാജ്യമാണ് നമ്മുടേത്. ലോകത്തു മറ്റെവിടെയാണ് ഇത്രയധികം യുവജനങ്ങൾ ഓരോ മത്സര പരീക്ഷയും എഴുതുന്നത്? അതുകൊണ്ടു നിങ്ങൾ എത്ര മിടുക്കരാണെങ്കിലും ഒരൽപം ഭാഗ്യവും കൂടി ഉണ്ടെങ്കിലേ നമ്മൾ ആഗ്രഹിക്കുന്ന കോഴ്സുകൾ ഒക്കെ ലഭിക്കൂ. പണം ധാരാളം ഉള്ളവർക്ക് മിക്ക കോഴ്സുകളും 'വാങ്ങിക്കാൻ' കഴിയും, അത് വേറെ കാര്യം.

വസ്തുനിഷ്ഠമായി കാര്യങ്ങളെ കാണുക. MBBS നു അഡ്മിഷൻ കിട്ടാത്തത് ചിലപ്പോൾ ഭാഗ്യവും ആകാം. രണ്ടു പ്രാവശ്യം IIT ശ്രമിച്ചു കിട്ടാതെ പോയ ആളാണ് 2009 ൽ നോബൽ ജേതാവായ വെങ്കിട്ടരാമൻ രാമകൃഷ്ണൻ. ഡോക്ടർ ആകാൻ പറ്റാതെ പോയപ്പോൾ civil service ലും മറ്റും തിളങ്ങിയ എത്രയോ പേർ. അടുത്ത ദിവസമാണ് MIT യിലെ ആണവ ഫ്യൂഷൻ കണ്ടുപിടുത്തത്തിൽ പങ്കാളിയായ കൊല്ലംകാരനായ സിൽവസ്റ്റർ നൊറൊണയെക്കുറിച്ച് പത്രത്തിൽ കണ്ടത്. നാട്ടിൽ MSc Chemistry പഠിച്ചിട്ടാണ് അദ്ദേഹം MIT യിൽ എത്തിയത്. അങ്ങനെ എത്രയോ പേർ.

ഇനി ഡോക്ടർ ആയ എത്ര പേർക്ക് PG ക്കു അഡ്മിഷൻ കിട്ടുന്നുണ്ട്? എത്ര പേര് 'നല്ല' ഡോക്ടർ ആകുന്നുണ്ട്? ഒരു respectful life നു ഭാഗ്യം എത്രപേർക്കുണ്ട്?

നിങ്ങൾ നിങ്ങളുടെ കഴിവ് ഏതു മേഖലയിൽ ആണ് എന്ന് കണ്ടെത്തി നല്ല രീതിയിൽ വർക്ക് ചെയ്താൽ ഏതു രംഗത്തും career കണ്ടെത്താനും വിജയിക്കാനും കഴിയും!

ഇനി മെഡിക്കൽ രംഗത്ത് വലിയ സംഭാവനകൾ നൽകാൻ കഴിയുന്ന genetics, virology, bacteriology, Medical bio technology, മൈക്രോ ബയോളജി.. ഒക്കെ basics science പഠനത്തിലൂടെ എത്തിപ്പിടിക്കാൻ പറ്റുന്ന മേഖലകൾ ആണ്. Just a few examples. നല്ല ഗൈഡൻസ് ആത്മവിശ്വാസവും ഫോക്കസും നൽകും. സാധ്യതകളെ തിരിച്ചറിയാനും അതിലേക്കുള്ള career path അസൂത്രണം ചെയ്യാനും സഹായിക്കും. MBBS അഡ്മിഷൻ കിട്ടിയവർക്കും Career guidance വലിയ ഗുണം ചെയ്യും എന്ന് അനേക ഉദാഹരണങ്ങളിലൂടെ മനസ്സിലാക്കിയിട്ടുണ്ട്.

ലോകം മാറി. തൊഴിൽ രംഗം അതിവേഗം മാറുന്നു. സാങ്കേതികവിദ്യയും സാധ്യതയും എല്ലാം മാറുകയാണ്!

നമ്മുടെ ചിന്താഗതിയിലും മനോഭാവത്തിലും തിരിച്ചറിവിലും കൂടി ആ മാറ്റം പ്രതിഫലിച്ചില്ലെങ്കിൽ പരീക്ഷ ജയിച്ചാലും നമ്മൾ ജീവിതത്തിൽ തോറ്റുപോയേക്കാം.

വിദേശത്തു MBBS പഠിക്കാൻ പോകുന്നവർ ശ്രദ്ധിക്കുക.

MBBS കഴിഞ്ഞാൽ വലിയ career കിട്ടും- വലിയ ശമ്പളം കിട്ടും- BMWവാങ്ങാം എന്നൊന്നും കരുതി ആരും കണ്ണും പൂട്ടി ഇറങ്ങി തിരിക്കരുത്.

പഠനത്തിൽ വളരെ മിടുക്കരായ കുട്ടികൾ മാത്രം അതിനു പോവുക. എങ്കിലേ എന്തെങ്കിലും ഭാവി ഉണ്ടാകൂ. പലരും കോഴ്സ് പൂർത്തിയാക്കുന്നില്ല. പലർക്കും വിദേശത്തോ ഇന്ത്യയിലോ practice ചെയ്യാൻ Licensing പരീക്ഷ ജയിക്കാൻ കഴിയുന്നില്ല. തുടർന്ന് പഠിക്കാനോ ഒരു career രൂപപ്പെടുത്താൻ കഴിഞ്ഞവരോ വളരെ ചുരുക്കം. പറഞ്ഞു വന്നത്, നന്നായി പഠിക്കാൻ കഴിവും താല്പര്യവും അഭിരുചിയുമുള്ളവരെ മാത്രം MBBS നു പറഞ്ഞുവിട്ടാൽ മതി.

നല്ല മെഡിക്കൽ യൂണിവേഴ്സിറ്റികൾ മാത്രം തിരഞ്ഞെടുക്കുക.

രാജ്യം തിരഞ്ഞെടുക്കുമ്പോൾ അവിടുത്തെ പൊളിറ്റിക്സ്, ഇക്കോണമി, വിദേശികളോടുള്ള സമീപനം, മെഡിക്കൽ രംഗത്തെ നിലവാരം ഒക്കെ മനസ്സിലാക്കണം.

കുട്ടികളുടെ ആരോഗ്യം, വ്യക്തിത്വം, വിദേശരാജ്യത്തു പോയി, വീട്ടിൽ നിന്ന് മാറിനിന്നു ജീവിക്കാനുള്ള കഴിവ് ഒക്കെ വിലയിരുത്തണം.

ഏജന്റുമാർ പറയുന്നത് എല്ലാം സത്യമാണ് എന്ന് വെള്ളം തൊടാതെ വിഴുങ്ങരുത്.

എത്ര പണം പഠന ചെലവിനായി വേണ്ടി വരും? എല്ലാം കൃത്യമായി മനസ്സിലാക്കുക. അതിനുള്ള സാമ്പത്തിക ഭദ്രത ഉണ്ടെങ്കിൽ മാത്രം തുനിഞ്ഞിറങ്ങുക. 'നോ' യും ഒരു ഉത്തരമാണ്, ഓർക്കാം.

താങ്ങാൻ പറ്റാത്ത ലോണും മറ്റും എടുത്തു കിടപ്പാടം വരെ പോയവരുണ്ട്.

വിദേശത്തു MBBS പഠിച്ചു നാട്ടിൽ വന്നു 5 കൊല്ലമായി ഇവിടെ വെറുതെയിരുന്ന ഒരു കുട്ടി ഈയിടെ ഒരു B.Sc Nurse നെ കെട്ടി അമേരിക്കയിൽ പോയി. അവിടെ pizza കടയിൽ 'ഹാപ്പി' ആയി ജോലി ചെയ്യുന്നു.

അതുകൊണ്ടു ചിന്തിച്ചു മാത്രം ഓരോ ചുവടും വെക്കാം. അറിയാത്ത കാര്യങ്ങൾ അറിവുള്ളവരോട് ചോദിച്ചറിയാം. Good guidance helps!

ന്യൂ ജെൻ കോഴ്സ് ആണ്. എടുത്തു ചാട്ടം വേണ്ട.

Engineering രംഗത്തെ ന്യൂജെൻ specialisation ഇക്കുറി വലിയ പ്രധാന്യത്തോടെ പരസ്യം ചെയ്യപ്പെടുന്നുണ്ട്. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലും ചിലയിടങ്ങളിൽ artificial intelligence, machine learning ഒക്കെ വന്നിട്ടുണ്ട്. അല്പം മടിച്ചു നിന്നിരുന്ന Engineering മേഖലയ്ക്ക് കോവിഡ് കാലം പൊതുവെ ഉണർവേകിയിട്ടുണ്ട്, പ്രത്യേകിച്ച് ആധുനിക സാങ്കേതിക വിദ്യ മേഖലകളിൽ. എന്നാൽ B.Tech നു ചേരാനാഗ്രഹിക്കുന്ന കുട്ടികൾ വളരെ narrow ആയ specialisations എടുക്കാതിരിക്കുന്നതാണ് ബുദ്ധി. (പ്രതിഭാശാലികളായ കുട്ടികൾക്കും ഏറ്റവും ഉന്നതമായ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും ഇത് ബാധകമായേക്കില്ല. ന്യൂജൻ ടെക്നോളജി എല്ലാം Computer Science ന്റെ ഉപരിപഠന മേഖലയോ അതിനെ അടിസ്ഥാനപ്പെടുത്തി പഠിക്കാവുന്ന മേഖലയോ ആണ്. ഇപ്പോൾ നിങ്ങൾ പഠിക്കുന്ന എ ഐ യോ machine ലേണിംഗോ നാലോ അഞ്ചോ കൊല്ലത്തിൽ കൂടുതൽ നിലനിൽക്കുന്നില്ല. തുടർന്ന് വരുന്ന മാറ്റങ്ങളിൽ പിടിച്ചു നിൽക്കണമെങ്കിൽ അടിസ്ഥാനം ഉറപ്പിച്ചു തന്നെ പോകണം. Core എഞ്ചിനീയറിംഗിൽ നിന്ന് തുടങ്ങുന്നത് അഭികാമ്യം.

B.Tech ന്റെ കൂടെ ഓൺലൈൻ കോഴ്സുകൾ വഴി നിങ്ങൾക്ക് ഇഷ്ടപ്പെട്ട മേഖലകളിലെ ന്യൂജെൻ വിഷയങ്ങൾ പഠിക്കാം.

B.Tech നു ശേഷം PG ലെവലിൽ ഇത്തരം specialisation പഠിക്കാം.

Gradution നു ശേഷം അത്തരം സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ ജോലിക്കു പ്രവേശിച്ചോ Internship വഴിയോ ആ രംഗത്ത് മികവ് നേടാം. പ്രത്യേകിച്ച് നിലവാരം കുറഞ്ഞ കോളേജുകളിൽ വലിയ specialisation ഒക്കെ പഠിക്കാൻ ചേരാതിരിക്കുക. അതൊന്നും പഠിപ്പിക്കാനുള്ള സൗകര്യങ്ങളോ നല്ല faculty യോ അവിടെ ഉണ്ടാകില്ല. ജോലിയും ലഭിക്കില്ല.

മികച്ച ഒരു Machine learning എഞ്ചിനീയർ ഒക്കെ ആകാൻ ഒരു പക്ഷെ വർഷങ്ങളുടെ software, data science പരിശീലനം വേണ്ടി വന്നേക്കാം. Mathematics ൽ മികച്ച അടിസ്ഥാനമുള്ളവർക്കു ഈ രംഗത്തെ മാറ്റങ്ങളെ പെട്ടെന്ന് ഉൾക്കൊള്ളാൻ കഴിയും. കണക്കിലും ഫിസിക്സിലും ഉന്നതമായ കഴിവ് Engineering രംഗത്ത് വിജയിക്കാൻ അനിവാര്യമാണ്. ഓർക്കാം. ചില മികച്ച maths ബിരുദധാരികൾ ന്യൂജെൻ സാങ്കേതിക രംഗത്ത് Engineering ബിരുദധാരികളേക്കാൾ മികവുറ്റവരായി മാറിയിട്ടുണ്ട്. അടിസ്ഥാന കാര്യങ്ങളിൽ ഉള്ള ശക്തമായ അറിവും skill ഉം ആണ് ഈ രംഗത്ത് പടവുകൾ കയറാൻ ആവശ്യം. അല്ലാതെ course ന്റെ specialisation എന്ന ഒരു പിടിവള്ളി യല്ല.

മറ്റൊരു ഉദാഹരണം Robotic engineering പോലുള്ള മേഖലകൾ ഒരു inter disciplinary course ആണ്. Computer, mechanical, electrical electronics മേഖലയിൽ ഏതെങ്കിലും ബി ടെക് പഠിച്ചതിനു ശേഷം പഠിക്കുന്നതാകും ഉചിതം.


"Scope ആണ്".. എന്നൊക്കെ വലിയ പരസ്യങ്ങളിലൂടെയൊക്കെ പല നിലവാരം കുറഞ്ഞ സ്ഥാപനങ്ങളും വിളിച്ചു പറയും... പക്ഷെ ഓർക്കുക, ഓരോ മേഖലയിലും ഒരു career നേടണമെങ്കിൽ ഒരു വലിയ പഠനവഴി (career path) ബുദ്ധിപൂർവ്വം ഒരുക്കേണ്ടതുണ്ട്. മാത്രവുമല്ല നിരന്തരം പഠനം (life long learning) തുടരേണ്ടതുണ്ട്.

നല്ല career ഗൈഡൻസ് വലിയ പ്രയോജനം ചെയ്യും. ഉന്നതമായ ഒരു യാത്രയ്ക്ക് ഒരുങ്ങുമ്പോൾ ആസൂത്രണവും ഉന്നതമാകണം.

വലിയ പരസ്യങ്ങൾ പോലെ മനോഹരമല്ല യാഥാർത്ഥ്യങ്ങൾ.

*സുനിൽ ഡി കുരുവിള - ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും; പ്രമുഖ മാനവശേഷി വികസന പരിശീലകനും കരിയർ കൗൺസിലറും ആണ്.*
*Cell: +91 9656144712*
*Email - sunil_kuruvilla@rediffmail.com*
*Web site- www.insightmission.org*

## പൗരോഹിത്യ സുവർണ്ണ ജൂബിലി നിറവിൽ എൻ ജേക്കബ് കോർ-എപ്പിസ്ക്കോപ്പ



പൗരോഹിത്യത്തിന്റെ 50-ാം വാർഷിക നിറവിലാണ് രാമമംഗലം നടുവിലേടത്തു വന്ദ്യ എൻ.ജേക്കബ് കോർ-എപ്പിസ്ക്കോപ്പ. മലങ്കര ക്നാനായ സമുദായത്തിലെ സീനിയർ വൈദികൻ ആണ്. രാമമംഗലം ക്നാനായ വലിയപള്ളിയിൽ 30 വർഷം വികാരിയായി സേവനം ചെയ്തു. കോട്ടയം സെന്റ് മേരീസ് ക്നാനായ വലിയപള്ളി, എറണാകുളം സെന്റ് മേരീസ് ക്നാനായ പള്ളി, സെന്റ് ജോർജ് ചാപ്പൽ പുല്ലരിക്കുന്ന് എന്നിവിടങ്ങളിൽ വികാരിയായി സേവനം ചെയ്തിട്ടുണ്ട്. പരേതരായ ഔസേഫിന്റെയും അന്നമ്മയുടെയും മകനായി 1948 ൽ ജനിച്ചു. കുഴുമുറി എൽ.പി. സ്ക്കൂൾ രാമമംഗലം ഹൈസ്കൂൾ, റാന്നി എം.ഡി. സ്കൂൾ എന്നിവിടങ്ങളിലെ പ്രാഥമിക വിദ്യാഭ്യാസത്തെ തുടർന്ന് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജിൽ പ്രീഡിഗ്രി പഠനവും തുടർന്നു കോട്ടയം പഴയ സെമിനാരിയിൽ വൈദിക പഠനം പൂർത്തിയാക്കി കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ കാലം ചെയ്ത ഏബ്രഹാം മോർ ക്ലീമ്മീസ് തിരുമേനിയിൽ നിന്ന് 1966 ൽ രാമമംഗലം ക്നാനായ വലിയപള്ളിയിൽ കൊറൂയോപട്ടവും ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ 1971 സെപ്റ്റംബർ 14 -ന് വൈദികപട്ടവും സ്വീകരിച്ചു. 2009-ൽ രാമമംഗലം വലിയ പള്ളിയിൽ വച്ച് കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താമാരുടെ സഹകാർമ്മികത്വത്തിൽ കോർ-എപ്പിസ്ക്കോപ്പാ സ്ഥാനം സ്വീകരിച്ചു. ഭാര്യ വത്സമ്മ, മക്കൾ ഷൈനി, ഷീജ. ഷീന.

കഴിഞ്ഞ ലക്കം തുടർച്ച



ഫാ. ഡോ. ജയിംസ് തോടത്തിൽ
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

**Parenting Patterns (പേരന്റിംഗ് ശൈലികൾ)**

**2. ദുർബ്ബലമായ രക്ഷാകർതൃത്വം** (Permissive Parenting Pattern)

കുട്ടികളുടെ ഇഷ്ടത്തിന് വഴങ്ങുന്ന രക്ഷാകർതൃ ശൈലിയാണിത്. എന്ത് നിയമങ്ങൾ കൊണ്ടുവന്നാലും കുട്ടികൾ സഹകരിക്കാതിരുന്നാൽ അവരുടെ ഇഷ്ടമനുസരിച്ച് നിയമങ്ങൾ ഭേദഗതി ചെയ്യുന്ന മാതാപിതാക്കളാണ് ഈ ഗണത്തിലുള്ളത്.

"അടിച്ചതിലെ പോയില്ലെങ്കിൽ പോയതിലെ അടിക്കുക"

എന്ന ചൊല്ലുപോലെ ഇങ്ങനെയുള്ള മാതാപിതാക്കൾ മക്കൾക്ക് അമിത സ്വാതന്ത്ര്യം നൽകുകയും അവർ പറയുന്നത് കണ്ണുമടച്ച് വിശ്വസിക്കുകയും അവരെ ഭയപ്പെടുകയും ചെയ്യുന്നു. മക്കളുടെ ദുർവാശിക്കു മുൻപിൽ അങ്ങനെയുള്ളവർ ദുർബ്ബലരായിപ്പോകുന്നു. ഏതു പിടിവാശിയും അംഗീകരിക്കുന്നു. ഇത് കുട്ടികളെ അപകടത്തിലേക്കു നയിക്കുന്നു. ഭാവിയെക്കുറിച്ച് തീരുമാനമെടുക്കുമ്പോൾ യാതൊരു നിർദ്ദേശവും നൽകാതെ കുട്ടികളുടെ ഇഷ്ടത്തിന് പൂർണ്ണമായി വിട്ടുകൊടുക്കുന്നു.

അപകടം പിടിച്ച രക്ഷകർതൃശൈലിയാണിത്. കുഞ്ഞുങ്ങളോടുള്ള അമിത വാത്സല്യം കൊണ്ടാണ്. ഇത്തരം ശൈലി രൂപപ്പെടുന്നത്. എന്നാൽ കുഞ്ഞുങ്ങളെ നാശത്തിലേയ്ക്ക് തള്ളിവിടുകയാണ് അവർ.

ഇങ്ങനെയുള്ള മാതാപിതാക്കൾ മക്കളെ അച്ചടക്കമില്ലാതെയാണ് വളർത്തുന്നത്. ഇത്തരത്തിൽ വളർത്തപ്പെടുന്ന മക്കൾ നാട്ടിലും സ്കൂളിലും അനുസരണയില്ലാത്തവരും നിർദ്ദേശങ്ങൾ പാലിക്കാത്തവരുമായിരിക്കും. ഇവർ സ്കൂൾ അധികൃതർക്ക് തലവേദനയായി മാറും. അച്ചടക്കത്തിലുള്ള കുട്ടികളെക്കൂടി വഴിതെറ്റിക്കുന്നതിന് ഇവർ കാരണമാകും. മാതാപിതാക്കളുടെ സാന്നിദ്ധ്യത്തിൽ ഇങ്ങനെയുള്ളവരെ ചോദ്യം ചെയ്യുമ്പോൾ യാതൊരു കൂസലും കൂടാതെയുള്ള പ്രതികരണമായിരിക്കും ഇവരുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. മാതാപിതാക്കളും യാതൊരു ആശങ്കയുമില്ലാതെ കുട്ടികളെ ന്യായീകരിക്കുന്നതാണ് കാണാറുള്ളത്.

"അച്ചോ അച്ചൻ പറയുന്നതിന് സമാനമായ ഒരു അനുഭവം എനിക്കുണ്ടായിട്ടുണ്ട്. ഞാനത് പങ്കുവയ്ക്കട്ടെ".

പട്ടണത്തിലെ പ്രശസ്തമായ ഒരു സി.ബി.എസ്.ഇ.സിലബസിലുള്ള സ്കൂളിലെ യു.പി. വിഭാഗത്തിലെ അദ്ധ്യാപികയായ ആശ ടീച്ചറാണ് സംസാരിക്കുവാൻ എഴുന്നേറ്റിരിക്കുന്നത്. എല്ലാവരും പ്രോത്സാഹിപ്പിച്ചു. അച്ചൻ പറഞ്ഞു:

"അത് ഏതായാലും നന്നായി പുതിയ ഒരു അനുഭവം കൂടി കേൾക്കാം. എനിക്ക് അല്പം വിശ്രമവും ആകും. ആശ ടീച്ചർ വന്നാട്ടെ".

ആശടീച്ചർ അച്ചന് നന്ദി പറഞ്ഞു കൊണ്ട് ആരംഭിച്ചു.

"പഠിക്കാൻ മോശമല്ലാത്ത കുസൃതിത്തരത്തിന് കൈയ്യും കാലും വച്ച അരുൺ (പേര് സാങ്കല്പികം) എന്ന വിദ്യാർത്ഥിയെയാണ് ഞാൻ നിങ്ങൾക്ക് പരിചയപ്പെടുത്തുന്നത്. ഒരു ക്ലാസ്സിൽ പോലും അടങ്ങിയിരിക്കില്ല. പഠിക്കുന്നതിൽ താൽപര്യക്കുറവൊന്നുമില്ല. എന്നാൽ മറ്റുള്ള കുട്ടികളെ പഠിക്കാൻ സമ്മതിക്കില്ല. എന്തെങ്കിലും കുസൃതിത്തരം ഒപ്പിച്ചുകൊണ്ടിരിക്കും. ഞങ്ങളുടെ ടീച്ചേഴ്സ് റൂമിലെ പ്രധാന ചർച്ചാവിഷയം അരുൺ ആണ്. ഒരു ദിവസം ക്ലാസ്സിലൊരു സംഭവം ഉണ്ടായി. സാധാരണ യു.പി.സ്കൂളിലെ ക്ലാസ്സിൽ നടക്കുന്ന വളരെ സാധാരണമായ കശപിശ. എന്നാൽ വാശി മൂത്ത അരുൺ കൂർത്ത പെൻസിൽ ഉപയോഗിച്ച് മറ്റൊരു കുട്ടിയുടെ തുടയിൽ ആഞ്ഞു കുത്തി. വേദനകൊണ്ടു പുളയുന്ന ആ കുട്ടിയെ സാധാരണഗതിയിലാക്കുവാൻ ഞങ്ങൾ ടീച്ചേഴ്സ് വളരെ പ്രയാസപ്പെട്ടു. രക്തം പൊടിച്ചതെയുള്ളൂവെങ്കിലും ആ കുട്ടി അനുഭവിച്ച നൊമ്പരം ഞങ്ങൾക്ക് ഊഹിക്കാവുന്നതെയുള്ളൂ. യാതൊരു കുറ്റബോധവുമില്ലാത്ത അരുൺ എന്നെ അത്ഭുതപ്പെടുത്തി. ക്ലാസ്സ് ടീച്ചറായ ഞാൻ

അരുണിന്റെ മാതാപിതാക്കളെ ഫോണിൽ വിളിച്ച് നാളെ അരുണിനോടൊപ്പം രണ്ടുപേരും സ്ക്കൂളിൽ എത്തണമെന്ന് നിർദ്ദേശിച്ചു.

ഞാൻ ഭയപ്പെട്ടതുപോലെ കുത്തുകൊണ്ട കുട്ടിയുടെ അമ്മയാണ് ആദ്യം സ്കൂളിലെത്തിയത്. രോഷാകുലയായ ആ അമ്മയെ ഒരു തരത്തിൽ ഞാൻ സമാധാനപ്പെടുത്തിയിരുത്തിയതിനുശേഷം അരുണിന്റെ മാതാപിതാക്കളെ അന്വേഷിച്ചു. അമ്മ മാത്രമെ വന്നിട്ടുള്ളൂ. പിതാവ് ബിസിനസ്സ് സംബന്ധിച്ച് തിരക്കായതിനാൽ വന്നില്ല. അരുണിനെയും അമ്മയെയും കൂട്ടി ഒരു മുറിയിൽ പ്രവേശിച്ച് തലേദിവസം നടന്ന സംഭവം അരുണിന്റെ അമ്മയെ ധരിപ്പിച്ചു. അപ്പോഴും യാതൊരു സങ്കോചവും കൂടാതെ നിൽക്കുന്ന അരുണിനെയാണ് ഞാൻ കാണുന്നത്. അമ്മയുമായി സംസാരിച്ചപ്പോൾ ഈ സംഭവത്തെ നിസ്സംഗതയോടെ വീക്ഷിക്കുന്ന ഒരു അമ്മയെയാണ് ആ സ്ത്രീയിൽ ഞാൻ കണ്ടത്. ഈ സംഭവത്തിന്റെ ഗൗരവം അവരെ പറഞ്ഞു ബോധ്യപ്പെടുത്താൻ ശ്രമിച്ച എന്നോട് അവർ പറയുകയാണ്.

"എന്തു ചെയ്യാനാ ടീച്ചറെ, ചെറുപ്പം മുതൽ അവൻ അങ്ങനെയാണ്. വലിയ ദേഷ്യക്കാരനാണ്. അവന് ഇഷ്ടപ്പെടാതെ വന്നാൽ അവൻ വയലന്റ് ആകും". വളരെ ലാഘവത്തോടെയാണ് ആ അമ്മ സംസാരിക്കുന്നത്.

"അവൻ കുസൃതിയും നിർബന്ധക്കാരനുമാണ്. ഭയങ്കര പിടിവാശിയാണ്. അവൻ പറയുന്ന കാര്യം അവൻ സാധിച്ചെടുക്കും. അനുസരിക്കാൻ വലിയ പ്രയാസമാണ്. ഞാൻ കൂടുതൽ നിർബന്ധിക്കില്ല. അവൻ കുട്ടിയല്ലെ. പിന്നീട് ശരിയായിക്കൊള്ളും".

കുട്ടിയുടെ പിതാവിനെക്കുറിച്ച് ഞാൻ ചോദിച്ചപ്പോൾ പറയുന്നു: "അങ്ങേർക്കിതിന് വല്ല നേരവുമുണ്ടോ? എപ്പോഴും തിരക്കാണ്. പി. റ്റി. എ. വന്നാലും ഒരിക്കൽ പോലും സ്കൂളിൽ വന്നിട്ടില്ല. പിന്നെയൊരു കാര്യമാണ്; അരുൺ എന്തു ചോദിച്ചാലും വാങ്ങിക്കൊടുക്കും. അതിനാൽ മോന് എന്നെക്കാൾ ഇഷ്ടം അവന്റെ പപ്പയെയാണ്".

ഇതിൽ നിന്നും ഒരു കാര്യം മനസ്സിലായി. യാതൊരു അച്ചടക്കവും കൂടാതെ വളരുന്ന കുട്ടിയാണ് അരുൺ. കൗൺസിലിംഗ് വേണ്ടത് കുട്ടിക്കല്ല, മാതാപിതാക്കൾക്കാണ്. ഉത്തരവാദിത്വബോധമില്ലാതെ വളർത്തുന്ന മാതാപിതാക്കൾ കുട്ടികളെ നശിപ്പിക്കുന്നുവെന്നാണ് എനിക്കു തോന്നുന്നത്.

ആശ ടീച്ചർ ആശങ്കയോടെയാണ് പറഞ്ഞവസാനിപ്പിച്ചത്. അച്ചൻ തുടർന്നു.

"അനുഭവം പങ്കുവച്ച ആശടീച്ചറിനു നന്ദി. ഈ സംഭവത്തിലെ അരുണിന്റെ മാതാപിതാക്കൾ ദുർബ്ബലരായ മാതാപിതാക്കളാണ്. നിയമാധിഷ്ഠിതമായ ഒരു ജീവിതമല്ല അരുണിന് നൽകിയിട്ടുള്ളത്. സ്വാതന്ത്ര്യത്തിന്റെയും കുട്ടികളുടെ അവകാശത്തിന്റെയും പേര് പറഞ്ഞ് യാതൊരു അച്ചടക്കവുമില്ലാതെയാണ് വളർത്തുന്നത്. ഇപ്പോൾ സ്കൂളിൽ തലവേദനയായിരിക്കുന്ന അരുൺ പ്രായമാകുമ്പോൾ തന്റെ ജോലിസ്ഥലത്തും താൻ ഇടപെടുന്ന സമൂഹത്തിലും മറ്റുള്ളവരാൽ അവഗണിക്കപ്പെടാനും ആരുടെയും സുഹൃദ് വലയത്തിലാകാതിരിക്കുവാനുമുള്ള സാധ്യത ഞാൻ കാണുന്നുണ്ട്. ഈ സംഭവത്തിലെ വില്ലൻ മാതാപിതാക്കളാണ്. മുതിർന്നവരെയും അധികാരികളെയും അനുസരിക്കുവാനും അംഗീകരിക്കുവാനും കഴിയാതെ വരുമ്പോൾ ഇങ്ങനെയുള്ളവരുടെ ജോലി നഷ്ടപ്പെടുവാൻപോലും സാധ്യതയുണ്ട്.

ഇങ്ങനെവളർത്തപ്പെടുന്ന കുട്ടികളെ അദ്ധ്യാപകർ വഴക്കുപറയുകയോ ശിക്ഷിക്കുകയോ ചെയ്താൽ അതിനെ ചോദ്യം ചെയ്യാൻ അവരുടെ മാതാപിതാക്കൾ മടിക്കില്ല. ആശടീച്ചർ പറഞ്ഞ സംഭവത്തിൽ അരുണിനെയാണ് മറ്റൊരു കുട്ടി ഉപദ്രവിച്ചതെന്ന് സങ്കല്പിക്കുക. നിശ്ചയമായും അരുണിന്റെ മാതാപിതാക്കൾ ഇങ്ങനെയായിരിക്കില്ല പ്രതികരിക്കുന്നത്. സമയമില്ലാത്ത പിതാവ് നിശ്ചയമായും സ്കൂളിൽ വന്നിരിക്കും. ഈ സംഭവത്തിൽ പ്രതിഷേധിക്കും. യാതൊരു സംശയവും വേണ്ട.

ഇങ്ങനെ വളരുന്ന കുട്ടികൾ സ്വാർത്ഥരും പിടിവാശിക്കാരുമായിരിക്കും. എന്തിനെങ്കിലും അവരോട് 'അരുത്' എന്നു പറഞ്ഞാൽ അവർ സഹിക്കില്ല. പൊട്ടിത്തെറിക്കും. എല്ലാറ്റിനും ഇതുവരെ കൂട്ടുനിന്ന മാതാപിതാക്കളോട് അവർ കയർക്കും. stress താങ്ങാൻ കഴിയാതെ വരുന്ന കുട്ടികൾ ആത്മഹത്യയ്ക്ക് ശ്രമിച്ചെന്നു വരാം. ഇത്തരം മാതാപിതാക്കൾ പിന്നീട് ദുഃഖിക്കേണ്ടി വരും.

**3. അവഗണനാ ശൈലി (Ignoring Parents)**

കുട്ടികളെ തീരെ പരിഗണിക്കാത്ത ചില മാതാപിതാക്കളുണ്ട്. അവരുടെ അടിസ്ഥാനാവശ്യങ്ങൾക്കുപോലും ശ്രദ്ധ നൽകാത്തവർ. സ്വർത്ഥരായ ചില മാതാപിതാക്കൾ മക്കളെ സ്നേഹിക്കുകയോ അംഗീകരിക്കുകയോ ചെയ്യുകയില്ലെന്ന് മാത്രമല്ല അവരുടെ അവകാശങ്ങൾ കൂടി നിഷേധിക്കുന്നു. ചെറിയ തെറ്റുകൾക്കുപോലും ക്രൂരമായി ശിക്ഷിക്കുകയും അപരന്റെ മുൻപിൽ വച്ച് അപമാനിക്കുകയും ചെയ്യുന്നു. മദ്യപാനികളായ ചില പിതാക്കന്മാർ ഈ ശൈലി അവലംബിക്കുന്നവരാണ്. ചില അമ്മമാർ അവരുടെ സുഖാന്വേഷണം മൂലം മക്കളെ അവഗണിക്കുന്നു.

എല്ലായിടങ്ങളിലും അവഗണന അനുഭവിച്ച് വളരുന്ന ഇത്തരക്കാർ അന്തർമുഖികളാകും. അവരുടെ വളർച്ച മുരടിച്ചുപോയേക്കാം. അവർ എല്ലാവരിൽ നിന്നും അകന്ന് നിൽക്കുവാൻ ശ്രമിക്കും. എല്ലാറ്റിനോടും പകയും വൈരാഗ്യവുമുള്ള rebellious ശൈലിക്കാരായിപ്പോയേക്കാം. എല്ലാവരാലും അവഗണിക്കപ്പെടുമ്പോൾ സ്വയം അംഗീകരിക്കുവാൻ പ്രയാസമുള്ള ആത്മനിന്ദയുള്ളവരായേക്കാം. മാതാപിതാക്കൾ അംഗീകരിക്കാത്ത തങ്ങളെ മറ്റുള്ളവർ അംഗീകരിക്കില്ലെന്ന ധാരണയിൽ എത്തിച്ചേർന്നേക്കാം. Depression (വിഷാദരോഗം) ഉം നിഷേധാത്മക സ്വഭാവവും അകമ്പടി സേവിക്കാൻ ഇടയാകും.

എന്റെ അയൽപക്കത്ത് എന്റെ ചെറിയ പ്രായത്തിൽ പങ്കജാക്ഷൻ എന്നൊരു ചെത്ത് തൊഴിലാളി ജീവിച്ചിരുന്നു. സ്ഥിരം മദ്യപാനി. ഭാര്യയെയും മക്കളെയും ദേഹോപദ്രവം ഏല്പ്പിക്കുക മാത്രമല്ല അവരെ സമൂഹത്തിൽ അപമാനിക്കുകയും ചെയ്തിരുന്നു. അവരുടെ അടിസ്ഥാന ആവശ്യങ്ങൾപോലും നിറവേറ്റിക്കൊടുക്കുകയില്ലെന്ന് മാത്രമല്ല വീട്ടുവേല ചെയ്ത് ഭാര്യ കൊണ്ടുവരുന്ന ഭക്ഷണംപോലും കഴിക്കുവാൻ ഭാര്യയെയും മക്കളെയും അനുവദിക്കയില്ലായിരുന്നു. ഭാര്യയും മക്കളും വളരെയധികം കഷ്ടതയനുഭവിച്ചു. മക്കൾക്ക് നല്ല വിദ്യാഭ്യാസം ലഭിച്ചില്ല. നല്ല ഭക്ഷണമോ വസ്ത്രമോ നൽകിയില്ല. അരാജകത്വത്തിൽ വളർന്ന മക്കൾക്ക് ഹൈസ്കൂളിൽപോലും എത്തുവാൻ കഴിഞ്ഞില്ല. മൂത്ത മകൾക്ക് വിവാഹപ്രായമായിട്ടും വിവാഹാലോചനകൾക്ക് അയാൾ തയ്യാറായില്ല. സഹതാപം തോന്നിയ നാട്ടുകാരിലൊരാൾ ഒരു വിവാഹാലോചന കൊണ്ടുവന്നു. പെണ്ണുകാണാൻ വന്ന ചെറുക്കനെയും കൂട്ടരെയും പങ്കജാക്ഷൻ അധിക്ഷേപിച്ചിറക്കി വിട്ടു. അതിൽ മനംനൊന്ത പെൺകുട്ടി മറ്റ് വിവാഹാലോചനകൾ ഒന്നും സ്വീകരിച്ചില്ലെന്ന് മാത്രമല്ല സാവധാനം മനോരോഗത്തിന് അടിമപ്പെടുകയും ചെയ്തു. കൂലിപ്പണി ചെയ്തുവന്നിരുന്ന മകൻ പിതാവിനെപ്പോലെ മദ്യപാനത്തിനടിമയായി. സാധുവായിരുന്ന പങ്കജാഷന്റെ

*(ശേഷം പേജ് 20-ൽ)*

# കഷ്ടതയുടെ മൂല്യം

റ്റി.സി. തോമസ് തോപ്പിൽ (ക്നാനായ കമ്മറ്റി അംഗം)

"കഷ്ടപ്പാടറിയാതെയാണ് ഞാൻ അവനെ വളർത്തിയത്. തന്റെ ആഗ്രഹങ്ങൾക്കൊത്തു പെരുമാറാത്ത മകനെപ്പറ്റി ഒരു പിതാവു ഇടവക വികാരി അച്ചനോടു പറഞ്ഞു. അച്ചൻ പറഞ്ഞു നിങ്ങൾ ചെയ്ത ഏറ്റവും വലിയമണ്ടത്തരവും അതുതന്നെ. കുടുംബത്തിലെ ഒരു ബുദ്ധിമുട്ടുകളും അറിയിക്കാതെ എല്ലാം മൂടിവച്ച് വളർത്തുന്ന കുട്ടികൾ ഭാവിയിൽ പ്രതിസന്ധികളെ തരണം ചെയ്യാൻ കഴിവില്ലാതെ മാനസികമായി ദുർബലരായി തീരുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഗുജറാത്തിലെ ശതകോടീശ്വരനായ രത്നവ്യാപാരി തന്റെ മകനെ ആരും അറിയാതെ കൊച്ചിയിലെ ഹോട്ടലിൽ ജോലിക്കു രണ്ടു വർഷം വിട്ട പത്ര വാർത്ത ഈ അവസരത്തിൽ സ്മരിക്കുകയാണ്. ജീവിതത്തിന്റെ സുഖവും കഷ്ടതയും അംഗീകരിക്കുന്നതാണ് ഏറ്റവും വലിയ മാനസികാരോഗ്യം. കഷ്ടതയിലൂടെയാണ് ജീവിതം പൂർണ്ണവും ധ്യാനവുമാകുന്നത്. കഷ്ടതകൾ സാധ്യതകളെ സൃഷ്ടിക്കുന്നു. വെയിലും മഴയും മഞ്ഞുമേൽക്കാതെ ചെടികൾ ശക്തി പ്രാപിക്കില്ല. മലമുകളിൽ വളരുന്ന വൻവൃക്ഷങ്ങൾ അതിശക്തമായ കാറ്റിനെ നേരിട്ടതിന്റെ ഫലമായി വേരുകളും തടികളും ശക്തിപ്പെട്ടവയാണ്. കൊടുങ്കാറ്റ് ഓക്ക് മരങ്ങൾക്കു ആഴമേറിയെ വേരുകൾ പ്രദാനം ചെയ്യുന്നു.

ജീവിതത്തിന്റെ ഉയർച്ച താഴ്ചകൾ സ്വാഭാവികമാണ്. പ്രകൃതിപോലും പഠിപ്പിക്കുന്നത് അതാണ്. ഒരു വർഷത്തെ ചില ദിവസങ്ങൾ ശക്തമായ മഴയും ഇടിമിന്നലും പ്രളയവുമെല്ലാമായി ഏറെ പ്രയാസമുളവാക്കുന്നതാവാം. എന്നാൽ അതെ തുടർന്നുവരുന്ന പ്രഭാതമാകട്ടെ ഏറെ ശാന്തത നിറഞ്ഞ പ്രശാന്ത സുന്ദരമായിരിക്കും. ജീവിതവും ഇതുപോലെയാണ്. പലപ്പോഴും അടഞ്ഞവാതിലുകൾക്കു മുന്നിൽ നാം മുട്ടിക്കൊണ്ടിരിക്കുമ്പോൾ കാണാതെ പോകുന്ന ഒന്നുണ്ട്. ദൈവം നമുക്കായി തുറന്നിട്ടിരിക്കുന്ന അനേകം വാതിലുകൾ. എല്ലാം തകർന്നടിയുമ്പോഴും തകരാൻ പാടില്ലാത്ത ഒന്നുണ്ട്. അതാണ് നമ്മുടെ മനസ്സ്. ഇന്നു ലോകത്തു വിജയം കൈവരിച്ചിട്ടുള്ള വ്യക്തികളെല്ലാം പ്രതിസന്ധികളിലൂടെയും തകർച്ചകളിലൂടെയും കടന്നുപോയവരാണ്. അമേരിക്കയുടെ പ്രസിഡന്റായിരുന്ന ഏബ്രഹാം ലിങ്കനും ഇൻഡ്യയുടെ പ്രസിഡന്റായിരുന്ന എ.പി.ജെ. അബ്ദുൾകലാമും, കേരളീയനായ കെ.ആർ. നാരായണന്റെയും ജീവിത കഥ ഇതു ശരിവയ്ക്കുന്നു. മനസ്സ് ഒരു സ്പോഞ്ച്പോലെയാണ്. എവിടെ അതു മുക്കുന്നുവോ ആ വസ്തുവിന്റെ സ്വഭാവം അതു കാണിക്കും. നിരാശയിൽ മുങ്ങിയാൽ നിരാശയും പ്രതീക്ഷയിൽ മുങ്ങിയാൽ പ്രതീക്ഷയുമായിരിക്കും അതു നമുക്കു തരുക. ജീവനുള്ള പക്ഷികൾ ഉറുമ്പുകളെ തിന്നുന്നു. ചത്ത പക്ഷിയെ ഉറുമ്പുകൾ തിന്നുന്നു. സമയവും സാഹചര്യങ്ങളും എപ്പോൾ വേണമെങ്കിലും മാറാം. ഒരു മരംകൊണ്ട് ലക്ഷക്കണക്കിനു തീപ്പെട്ടിക്കൊള്ളികൾ നിർമ്മിക്കാനാകും. ലക്ഷക്കണക്കിനു മരങ്ങളെ ചാമ്പലാക്കാനും ഒരു തീപ്പെട്ടിക്കൊള്ളിമതി. ജീവിതത്തിൽ പ്രതിസന്ധികൾ ആവശ്യമാണ്. കാരണം പ്രതിസന്ധികളുണ്ടാകുമ്പോഴാണ് നാം പുതിയ വഴികൾ തേടുന്നതും കൂടുതൽ ഉയരങ്ങളിലെത്തുന്നതും.

ചിത്രശലഭമാകാൻവേണ്ടി സ്വയമുണ്ടാക്കിയ കൂട്ടിൽ സമാധിയായ ഒരു പുഴു ദിവസങ്ങൾക്കുശേഷം പുറത്തുവരാറായപ്പോൾ സാവധാനം കൂടുപൊളിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഇതു കണ്ടുകൊണ്ടിരുന്ന ഒരു മനുഷ്യൻ അതിനെ കൂടു പൊളിക്കാൻ സഹായിച്ചു. എന്നാൽ ചിത്രശലഭം പുറത്തുവന്നെങ്കിലും പറക്കാൻ കഴിയാതെ ചത്തുപോയി. കാരണം ഈ ചിത്രശലഭം കൂടു പൊളിക്കാൻ ശ്രമിക്കുന്ന പ്രക്രിയയാണ് അതിന്റെ ശരീരത്തിനു പറക്കാനുള്ള ബലം കൊടുക്കുന്നത്. ആ പ്രക്രിയ ചിത്രശലഭത്തിനു കഷ്ടപ്പാടു തന്നെയാണ്. പക്ഷേ ആ കഷ്ടപ്പാടാണ് അതിനെ പറക്കാനും ജീവിക്കാനും സഹായിക്കുന്നത്. എണ്ണക്കുരു ഞെക്കിപ്പിഴിഞ്ഞെങ്കിലേ എണ്ണ കിട്ടു. ഈ പിഴിച്ചിലാണ് കഷ്ടത. മുള്ളില്ലാത്ത റോസാച്ചെടി ദൈവം സൃഷ്ടിച്ചിട്ടില്ല. റോസാ പുഷ്പം പറിക്കണമെങ്കിൽ അലപം മുള്ളു കൊള്ളണം.

ശിഖരങ്ങൾ മുറിക്കാതെ മുന്തിരി ശക്തിയായി വളരില്ല. അതുകൊണ്ട് കഷ്ടതയ്ക്കു മൂല്യമുണ്ട്. കഷ്ടപ്പാടാണ് ഏറ്റവും വലിയ വിദ്യഭ്യാസം. Failur is never final എന്നു വായിച്ചിട്ടുണ്ട്. ഏതു കഠിനമായ മഴയും മാറി ആകാശം തെളിയും. കാർമേഘങ്ങൾ സ്ഥിരമായി നിൽക്കില്ല. "സന്ധ്യയിങ്കലോ കരച്ചിൽ വന്ന് രാപാർക്കും, ഉഷസ്സിങ്കലോ ആനന്ദഘോഷം വരും" എന്ന് ബൈബിൾ ഉദ്ഘോഷിക്കുന്നു. എന്തിനാണീ കഷ്ടതയെന്നു ചോദിക്കുന്നവർക്കുള്ള ഉത്തരമാണ് നാലപ്പാട്ടു നാരായണമേനോന്റെ വരികൾ

"ഉരുക്കിടുന്നു മിഴി നീരിലിട്ട്
മുക്കുന്നു മുറ്റം ഭൂവനൈക ശില്പി
മനുഷ്യ ഹൃത്താം കനകത്തെയേ
പണിത്തരത്തിനുപയുക്തമാക്കാൻ"

കണ്ണുനീരിന്റെ ചൂടിനു മാത്രമേ മനുഷ്യ ഹൃദയത്തിന്റെ മേന്മ വർദ്ധിപ്പിച്ചു കൂടുതൽ ക്രിയാത്മകമാക്കാൻ പറ്റു.

ജീവിതം ഒരു സമരമാണ്. ശരിയായ പോരാളി എന്തുവന്നാലും പരാജയം സമ്മതിക്കുന്നില്ല. ജയപരാജയങ്ങളെയോ ഭയപ്പെടുകയില്ല. മറിച്ച് അവൻ വെല്ലുവിളികളെ ഏറ്റെടുത്ത് അവന്റെ സ്ഥിര പരിശ്രമങ്ങൾകൊണ്ടും അവയെ അതിജീവിക്കുന്നു. കവികളുടെ കവിയും നാടകകൃത്തുമായ ഷേക്സ്പിയർ, കഷ്ടപ്പെട്ടു നേടുന്ന ഫലങ്ങൾ മധുരതരങ്ങളാണ്' എന്ന് പ്രവചനാത്മകമായി പറഞ്ഞത് തീർത്തും ശരിയാണ്. പ്രയാസങ്ങളും ദൗർഭാഗ്യങ്ങളും ഒരാളെ എത്രമാത്രം ജ്ഞാനിയും ധീരനും ദൃഢചിത്തനും ക്ഷമയുള്ളവനും ആക്കി തീർക്കുന്നുവെന്ന് അദ്ദേഹം തന്റെ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞതാണ്. പ്രതിസന്ധികളിലാണ് മനുഷ്യന്റെ യഥാർത്ഥ കഴിവുകൾ പുറത്തു വരുന്നതെന്ന് അദ്ദേഹം പറയുന്നു. പ്രതിസന്ധികൾ അഭിമുഖീകരിക്കാത്തവരായി, പ്രഥമ പരീക്ഷണങ്ങളിൽ പരാജയപ്പെടാത്തവരായി, മഹാന്മാരിൽ ആരുമില്ല. അത്തരം പരാജയങ്ങളിൽ ലജ്ജിക്കാനും നിരാശപ്പെടാനും ഒന്നുമില്ല. വിജയവും ഭാഗ്യവും ചോദിച്ചു വാങ്ങിയെടുക്കാൻ ധീരന്മാർക്കു കഴിയും. കഷ്ടപ്പാടുകൾക്കു പിന്നിൽ ഒളിഞ്ഞിരിക്കുന്ന വൻ വിജയങ്ങൾ ധീരന്മാർക്കേ സ്വന്തമാക്കാൻ കഴിയു. യഥാർത്ഥ പോരാളി ഒരിക്കലും തങ്ങളുടെ ദൗർഭാഗ്യങ്ങളെ പഴിപറയുകയില്ല. മറിച്ച് വിധിവശാൽ തങ്ങൾക്കു കരഗതമാകുന്ന ആയുധങ്ങൾ സമർത്ഥമായി വിനിയോഗിച്ച് തങ്ങളുടെ ജീവിതവും വിധിയും രൂപപ്പെടുത്തിയെടുക്കുന്നു.

കഷ്ടപ്പാടുകളുടെ ഫലമായി മനുഷ്യൻ കൂടുതൽ ശക്തനാകുന്നു എന്നത് ജീവിതത്തിന്റെ ഒരു വിസ്മയമാണ്. വിജയത്തിലേക്കുള്ളവഴി കല്ലും മുള്ളും നിറഞ്ഞതാണ്. കശക്കിയ പുഷ്പങ്ങളാണ് കൂടുതൽ ഹൃദ്യവും മധുര തരവുമായ സുഗന്ധം പരത്തുന്നത്. വേദനയും ദുരിതങ്ങളും ആത്മാവിനെ ഉദാത്തീകരിച്ച് നമ്മുടെ തീരുമാനങ്ങളെയും കാഴ്ചപ്പാടുകളെയും പക്വമാക്കുന്നു. ജീവിതത്തിൽ അപ്രതീക്ഷിതമായി ഉണ്ടായ കനത്ത ബുദ്ധിമുട്ടുകളെ ആത്മവിശ്വാസത്തോടെയും ധൈര്യത്തോടെയും അചഞ്ചലമായും നേരിട്ടതുകൊണ്ട് കൊളമ്പസിനു അമേരിക്ക കണ്ടെത്താൻ കഴിഞ്ഞത്. തീയിൽ മുളച്ചതു വെയിലത്തു പാടില്ല എന്ന പഴമൊഴിയും ഈ അവസരത്തിൽ ഓർമ്മിക്കാം. ഏതു നീന്തൽ വിദഗ്ദ്ധനും തുടക്കത്തിൽ കുറച്ചു വെള്ളം കുടിച്ചെന്നുവരാം. അതു വക വെയ്ക്കാതെ ഉത്സാഹത്തോടെ പ്രവർത്തിച്ചാൽ ഏതു മഹാസമുദ്രവും നീന്തിക്കടക്കാം എന്നു മഹാന്മാരുടെ ജീവിതം കഥ നമ്മെ പഠിപ്പിക്കണം. ●

# ഇടം കിട്ടാത്തവരുടെ ഇടയൻ

**ജിയ സ്മിജു മറ്റക്കാട്ട്**

സ്വന്തമെന്നു തോന്നിയവരുടെ ഒക്കെ ഹൃദയത്തിൽ ഇടം നേടണമെന്നു വാശി പിടിച്ചു. എന്തുകൊണ്ടാണ് നമ്മൾ അവിടെ ഇടം നേടാതെ പോയത്? അവരുടെ ഹൃദയത്തോട് നമ്മുടെ ഹൃദയം ഇണങ്ങാത്തതോ? അതോ ലാഭനഷ്ടങ്ങളുടെ കണക്ക് ഹൃദയത്തിൽ അറിഞ്ഞോ അറിയാതെയോ സൂക്ഷിക്കുന്നതുകൊണ്ടോ? യാഥാർത്ഥ്യത്തെ പുൽകുവാൻ മനസ്സ് വൈമനസ്യം കാണിക്കുന്നത് എന്തുകൊണ്ട്? ഭൂരിഭാഗം ആളുകളുടെയും മനസ്സ് ഇങ്ങനെയൊക്കെയാണ് വ്യാകുലമാകുന്നത്.

യേശുക്രിസ്തുവിന് പിറക്കാൻ ഇടം കൊടുക്കാത്ത ലോകത്ത്, ചെറിയവരായ നമുക്ക് എങ്ങനെ ഇടം കിട്ടും? ഇടം ലഭിക്കാതെ വരുമ്പോഴല്ലേ നമ്മൾ പലപ്പോഴും ക്ഷമയും സഹനവും ഒക്കെ ശീലിക്കാൻ പഠിക്കുന്നത്. "ഞാൻ മുന്തിരിവള്ളിയാകുന്നു" ആ മുന്തിരിവള്ളിയിലെ നല്ല മുന്തിരിയാകണമെങ്കിൽ നമ്മൾ ക്രിസ്തുവിന്റെ ഹൃദയത്തോട് അനുരൂപമാകണം.

'നിങ്ങളെന്നെ സ്നേഹിക്കുന്നുവോ'? എന്ന യേശുവിന്റെ ചോദ്യം തന്നെ ഇടം ലഭിക്കാത്തവരുടെ ശബ്ദമായിരുന്നില്ലേ? യേശു എവിടെ നിന്നു ശക്തിയാർജ്ജിച്ചു, സ്വർഗ്ഗസ്ഥനായ പിതാവിൽ നിന്ന്. "ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" ഇതായിരുന്നു പിതാവിന്റെ സാക്ഷ്യം പുത്രനെപ്പറ്റി. നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണമനസ്സോടും, പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുക. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" തുടങ്ങിയ കല്പനകൾ ഇടം ലഭിക്കാനുള്ള മാർഗ്ഗമാണ്.

ഇടം തേടുന്ന നമ്മൾ എന്തേ ഇടയന്റെ മനസ്സിൽ ഇടം തേടാൻ ആഗ്രഹിക്കാത്തത്? 'എനിക്ക് നിന്റെ അനുഗ്രഹം മതി നിന്നെ വേണ്ട' എന്നല്ലേ നമ്മുടെ മനോഭാവം അല്ലെങ്കിൽ പ്രവർത്തനങ്ങൾ. ഇടയന്റെ ഹൃദയത്തോട് അനുരൂപമാകാൻ നമ്മൾ അവനെ തന്നെ പൂർണ്ണമായി സ്നേഹിക്കണം. അങ്ങനെ സ്നേഹിച്ചാൽ അവന്റെ കല്പനകൾ പൂർണ്ണമാക്കാൻ അവന്റെ കൃപയും ലഭിക്കും. പിന്നെ പരാതികളും പരിഭവങ്ങളും ഉണ്ടാവില്ല എന്നതാണ് പരമാർത്ഥം.

എന്നാൽ എന്തുകൊണ്ടാണ് നമ്മുടെ മനസ്സ് ഈ സത്യത്തെ അംഗീകരിക്കാത്തത്? ജഡിക ആസക്തിയോടെ ജീവിക്കുന്ന നാം ഈ സത്യത്തെ അംഗീകരിക്കണമെങ്കിൽ താഴ്‌വാരത്തിൽ നിന്ന് പ്രശാന്തതയുടെ മലമുകളായ പ്രാർത്ഥനയിലേയ്ക്ക് കയറണം.

വെറുതെ അങ്ങ് കയറി പറ്റാൻ പറ്റില്ലല്ലോ. കെരൂബുകളുടെ വാളുകളാൽ അടുത്തു വരുന്ന നമ്മുടെ ചില ഭ്രമങ്ങളെ കത്തിച്ച് കളഞ്ഞ് എല്ലാ പ്രഭാതങ്ങളിലും യേശുവിന്റെ പാദപീഠത്തിൽ ഇരിക്കാം. വിട്ടുകൊടുക്കാത്തവന് ഇടയനെ ലഭിക്കില്ല. പ്രേമബന്ധങ്ങളിൽ പെട്ട് അലയുന്ന മനസ്സുപോലെ പ്രേമാഗ്നിയാകുന്ന ക്രിസ്തുവിൽ ചേരുമ്പോൾ എല്ലാ ഇടവും നമുക്കായി തുറക്കപ്പെടും. അതിനാൽ ഇടം ലഭിക്കാൻ ഇടയനെ തേടൂ. അങ്ങനെ ഇടയന്റെ ഹൃദയത്തിൽ ഇടം തേടി ഇടയനായി ജീവിക്കുക. ●

***മാതൃകാ കുടുംബജീവിതം*** *(പേജ് 18 തുടർച്ച)*

ഭാര്യ തളർന്ന് കിടപ്പിലായി. അങ്ങനെ ആ ഭവനം അധഃപതനത്തിലേയ്ക്ക് വീണുപോയി.

'തന്നോളമായാൽ മക്കളെയും താൻ' എന്ന് വിളിക്കണമെന്നാണ് പ്രമാണം. ഈയൊരു ബോധ്യമുണ്ടായാൽ മക്കളുടെ എല്ലാ പ്രായത്തിലും മാതാപിതാക്കളുടെ ശ്രദ്ധ ഉണ്ടാകും. ഈ ഭൂമിയിൽ ജീവിക്കുവാനുള്ള എല്ലാ അവകാശവും മക്കൾക്ക് ഉണ്ട്. അവർക്ക് ആവശ്യമായ സംരക്ഷണവും കരുതലും നൽകാൻ മാതാപിതാക്കൾ ബാധ്യസ്ഥരാണ്. അവരെ അവഗണിക്കുവാൻ പാടില്ല. വിദ്യാസമ്പന്നരായ ചില മാതാപിതാക്കളും കുട്ടികളുടെ വളർച്ചയിൽ അശ്രദ്ധ കാണിക്കുന്നത് കണ്ടിട്ടുണ്ട്. ബിസിനസ്സിന്റെ തിരക്ക്, ജോലിത്തിരക്ക്, സാമൂഹികസേവനത്തിലുള്ളവർക്ക് ആ തരത്തിലുള്ള തിരക്ക്, ടി.വി. സീരിയലുകളുടെ മുൻപിൽ ചിലവഴിക്കുന്നതിന്റെ തിരക്ക് സാമൂഹിക മാധ്യമങ്ങളുടെ അഡിക്ഷൻ മുഖാന്തിരമുണ്ടാകുന്ന തിരക്ക് തുടങ്ങിയ അനേക തിരക്കുകൾ കാരണം കുട്ടികളെ വേണ്ടവിധത്തിൽ ശ്രദ്ധിക്കാതിരിക്കുന്നവരാണ്. അവരുടെ അവഗണനയുടെ പരിണിതഫലം അനുഭവിക്കുന്ന കുട്ടികൾ നമുക്ക് ചുറ്റുമുണ്ട്.

(തുടരും) ●

# ചരിത്ര പ്രസിദ്ധമായ കൊടുങ്ങല്ലൂർ

സി. എ. സ്ക്കറിയാക്കുട്ടി, പുതിയമഠം

ക്നാനായക്കാരുടെ ചിരകാലാഭിലാഷമായിരുന്ന ക്നാനായ പൈതൃക സ്മാരകം കൊടുങ്ങല്ലൂരിലെ പവിത്രമായ മണ്ണിൽ പടുത്തുയർത്തുവാൻ സാധിച്ചത് ആകമാന സുറിയാനി ക്നാനായ സഭാംഗങ്ങൾക്കു അഭിമാനാർഹമായ ഒന്നാണ്.

ക്രിസ്തുവിന്റെ ശിഷ്യന്മാരിലൊരാളായ വി.തോമ്മാശ്ലീഹാ പ്രേഷിത പ്രവർത്തിക്കായി എ.ഡി. 52 ൽ ആദ്യമായി കേരളത്തിൽ വന്നിറങ്ങിയത് കൊടുങ്ങല്ലൂരിലാണല്ലോ. അതുപോലെ ക്നാനായക്കാരുടെ പൂർവ്വികനായ വി. ക്നായിതോമ്മായും സംഘവും A. D. 345 ൽ വന്നു ചേർന്നതും കൊടുങ്ങല്ലൂരിൽ തന്നെ. അങ്ങനെ ക്നാനായക്കാരെ സംബന്ധിച്ചിടത്തോളം വി.തോമ്മാശ്ലീഹായും വി.ക്നായിതോമ്മായും വന്നിറങ്ങിയ കൊടുങ്ങല്ലൂർ എന്തുകൊണ്ടും ചരിത്രപ്രാധാന്യമർഹിക്കുന്ന ഒരു സ്ഥലമത്രെ.

ഹൈന്ദവ പുരാണമനുസരിച്ച് ശിവന്റെ പട്ടണം എന്നർത്ഥമുള്ള "കൊടിലിംഗഊർ" ലോപിച്ചാണ് കൊടുങ്ങല്ലൂരായി ത്തീർന്നത്. പുരാതന ചേരസാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു കൊടുങ്ങല്ലൂർ അഥവാ മുസിരിസ് എന്ന പട്ടണം. വാത്മീകി രാമായണത്തിൽ സുചിപ്പിച്ചിട്ടുള്ള "മുരചിപത്തനം" എന്ന പുരാതന തുറമുഖമായ ഈ കൊടുങ്ങല്ലൂരി (Cranganore) ലാണ് യവനന്മാരും റോമാക്കാരും ഫിനീഷ്യരും യഹൂദന്മാരും ആദ്യകാലങ്ങളിൽ കച്ചവടത്തിനായി വന്നിരുന്നത്.

വി. ക്നായി തോമ്മായുടെ നേതൃത്വത്തിൽ A. D. 345 -ൽ ഏഴുഗോത്രങ്ങളിൽപെട്ട എഴുപത്തിരണ്ടു കുടുംബങ്ങളുമായി കൊടുങ്ങല്ലൂരിൽ വന്നിറങ്ങി. അന്നത്തെ ഭരണാധികാരിയായിരുന്ന ചേരമാൻ പെരുമാൾ അവരെ സ്വീകരിച്ച് അവർക്ക് മഹാപട്ടണം എന്ന നഗരി കൊടുക്കുകയും ചെയ്തു. പിന്നീട് അതിന്റെ തെക്കുഭാഗത്ത് ആരക്കോലാൽ 264 കോൽ (ഏകദേശം 16 ഏക്കർ) അളന്നു തിരിച്ചുകൊടുത്തു ഒരു പട്ടണം നിർമ്മിച്ചു. തോമ്മാശ്ലീഹായുടെ നാമധേയത്തിൽ ഒരു പള്ളിയും അനവധി വീടുകളും നിർമ്മിച്ചു, 'ക്നാൻ നഗരി' എന്നു നാമകരണം ചെയ്തു. ക്നാൻ രാജാവായി ക്നായിതോമ്മാ കഴിഞ്ഞുകൂടുകയും അന്ത്യത്തിൽ അദ്ദേഹത്തെ ആ ദൈവാലയത്തിൽ സംസ്ക്കരിക്കുകയും ചെയ്തു എന്നാണ് ഐതിഹ്യം.

ക്രിസ്താബ്ദം 9-ാം നൂറ്റാണ്ടിലുണ്ടായ മുഹമ്മദീയാക്രമണത്തോടെ മഹാദേവർ പട്ടണവും ക്നാൻ നഗരവും നശിപ്പിക്കുകയും അവിടെയുണ്ടായിരുന്ന തെക്കുംഭാഗർ ഉദയംപേരൂർ, കടുത്തുരുത്തി,കോട്ടയം എന്നീ ഭാഗങ്ങളിലേക്ക് മാറി താമസിക്കുകയും ചെയ്തു എന്നുള്ളതാണ് ചരിത്രവസ്തുത.

1983 റിപ്പബ്ലിക്ക് ദിനത്തിൽ ക്നാനായ സോഷ്യൽഫാറത്തിന്റെ ആഭിമുഖ്യത്തിൽ കൊടുങ്ങല്ലൂരിലേയ്ക്ക് സംഘടിക്കപ്പെട്ട കോട്ടയത്തുനിന്നുള്ള ഒരു വിനോദയാത്രയിൽ പങ്കെടുത്തിട്ടുള്ള ഈ ലേഖകന്റെ ഓർമ്മക്കുറിപ്പുകളാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം. ഒരു കാലത്ത് മഹാദേവർ പട്ടണം എന്നറിയപ്പെട്ടിരുന്ന ഈ സ്ഥലത്ത് കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രമാണ് കാണപ്പെട്ടത്. പ്രസ്തുത ക്ഷേത്രത്തിലെ ദീപാരാധനയ്ക്കു മുഴക്കുന്ന മണിയിൽ കുരിശടയാളവും പോർട്ടുഗീസു ഭാഷയിലുള്ള ലിഖിതങ്ങളും കാണപ്പെട്ടു. അവിടെ നിന്നും അഞ്ചാറുകിലോമീറ്റർ അകലെ കൊടുങ്ങല്ലൂർ അഴിക്കഭിമുഖമായി മർത്തോമ്മാ പൊന്തിഫിക്കൽ തീർത്ഥകേന്ദ്രം സ്ഥിതി ചെയ്യുന്നു. റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ചെറിയൊരു പതിപ്പിൽ പണിതീർത്ത ദൈവാലയത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ വലതുകരത്തിന്റെ അസ്ഥി സൂക്ഷിച്ചിട്ടുണ്ട്. അവിടുത്തെ കർമ്മലീത്താ വൈദികൻ ഇരുമ്പുസേഫ് തുറന്നു ചില്ലുപെട്ടിയിൽ സൂക്ഷിച്ചുവച്ചിരുന്ന മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പു പ്രദർശിപ്പിക്കുകയുണ്ടായി.

എഡേസ്സായിൽ നിന്നും വന്ന ക്നായിത്തോമ്മൻ മൈലാപ്പൂരിൽപോയി മാർത്തോമ്മാ ശ്ലീഹായുടെ ഭൗതികാവശിഷ്ടം കണ്ടെത്തുകയും അത് എഡേസ്സായിലെത്തിക്കുകയും പിന്നീട് അവിടെനിന്നും റോമിലെ അരമനയിലേക്കു മാറ്റപ്പെട്ടുവെന്നും അവിടെ നിന്നും തോമ്മാശ്ലീഹായുടെ കൈപ്പത്തി മുഴുവനും ഏതാനും വർഷങ്ങൾക്കുമുമ്പു കൊടുങ്ങല്ലൂരിൽ സ്ഥാപിച്ചെന്നുമാണ് ആ കർമ്മലീത്താ വൈദികൻ വിശദീകരിച്ചത്.

പ്രസ്തുത പള്ളിയങ്കണത്തുനിന്നു നോക്കിയാൽ കൊടുങ്ങല്ലൂർ അഴി അധികം ദൂരെയല്ലാതെ കടലിൽ സംഗമിക്കുന്ന കാഴ്ച ആരെയും വികാരഭരിതമാക്കും. ഈ പ്രദേശം മുമ്പു കടലായിരുന്നു. ഈ അഴിയിൽക്കൂടി രണ്ടുമൂന്നു കിലോമീറ്റർ ഉള്ളിലോട്ടു സഞ്ചരിച്ചാൽ കോട്ടപ്പുറം ജെട്ടിയിൽ വരാൻ സാധിക്കും. പെരിയാറും ചാലക്കുടിയാറും സംഗമിച്ചൊഴുകുന്ന കൊടുങ്ങല്ലൂർ പുഴയുടെ വടക്കേ തീരമാണ് കോട്ടപ്പുറം. കടലിൽ നിന്നും കുറെക്കൂടി ഉള്ളിലുള്ള പ്രശാന്തമായ ഈ കോട്ടപ്പുറം ഭാഗത്താണ് പണ്ടു കപ്പലുകൾ വന്നതെന്നു വിശ്വസിക്കപ്പെടുന്നു. ക്നായിതോമ്മാ ക്നാൻ നഗരിക്കുവേണ്ടി കെട്ടിയ കോട്ട ഈ ഭാഗത്തായിരുന്നതു കൊണ്ടാവാം കോട്ടപ്പുറം എന്ന പേരുണ്ടായത്.

കൊടുങ്ങല്ലൂരിലെ ചരിത്രപ്രാധാന്യമർഹിക്കുന്ന മറ്റൊരു മഹത്സ്ഥാപനമാണ് 'ചേരമാൻ മസ്ജിത്'. ഇത് ഇൻഡ്യയിലെ ഒന്നാമത്തെ മുസ്ലീം ദേവാലയമത്രെ. വർഷം തോറും തമിഴ് നാട്ടുകാർ ധാരാളമായി വന്നു ദർശനം നടത്താറുള്ള ഒരു ക്ഷേത്രമാണ് തിരുവഞ്ചിക്കുളം മഹാദേവക്ഷേത്രം. തിരുവഞ്ചിക്കുളം ക്ഷേത്രത്തിനും കോട്ടപ്പുറത്തിനും ഇടയ്ക്കു കാണപ്പെടുന്ന വിസ്തൃതമായ ഒരു പറമ്പാണ് 'ചേരമാൻ പറമ്പ്'. 12-ാം നൂറ്റാണ്ടുവരെ ഭരണം നടത്തിയിരുന്ന ചേരമാൻ രാജാക്കന്മാരുടെ രാജധാനി സ്ഥിതിചെയ്തിരുന്ന ഈ സ്ഥലം ഒരു വെളിമ്പ്രദേശം പോലെ കിടക്കുകയാണ്. കേരളചക്രവർത്തിമാരുടെ കൊട്ടാരം സ്ഥിതി ചെയ്തിരുന്ന ചേരമാൻ പറമ്പ് കോട്ടമതിലുകളോടുകൂടി പ്രാചീന കേരളത്തിന്റെ തലസ്ഥാന നഗരിയുടെ ഭാഗമായിരുന്നു.

വി.തോമാശ്ലീഹായുടെ നാമത്തിൽ ക്നായിതോമ്മാ ഒരു പള്ളി കൊടുങ്ങല്ലൂരിൽ സ്ഥാപിച്ചതായി ചരിത്ര സാക്ഷ്യമുണ്ട്. അത് എവിടെയായിരുന്നുവെന്ന് ഇപ്പോൾ സൂക്ഷ്മമായി പറയുവാൻ നിവൃത്തിയില്ല. എങ്കിലും ചേരമാൻ കോവിലകം ഇരുന്ന ചേരമാൻപറമ്പിന്റെ തെക്കുഭാഗത്തെ വിജനപ്രദേശമായി കിടന്ന പത്തേക്കർ സ്ഥലവും പരിസരവുമായിരിക്കാമെന്ന് ശ്രീ. ജോസഫ് ചാഴിക്കാടൻ 'തെക്കുംഭാഗചരിത്ര'ത്തിൽ പ്രസ്താവിക്കുന്നു. നമ്മുടെ പൂർവ്വികർ മണ്ണടിഞ്ഞിട്ടുള്ള കൊടുങ്ങല്ലൂരിൽ ക്നാനായ പൈതൃകം എന്ന സ്മാരകം ഇപ്പോൾ നിർമ്മിക്കാൻ സാധിച്ചതിൽ സമുദായ ഭാരവാഹികളെ അനുമോദിക്കുന്നതിനോടൊപ്പം നമ്മുടെ പള്ളികളിൽനിന്നും കൊടുങ്ങല്ലൂരിലെ ഈ ക്നാനായ പൈതൃകമന്ദിരം സന്ദർശിക്കുവാൻ എല്ലാവർക്കും സൗകര്യമുണ്ടാകത്തക്കവണ്ണമുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതും സ്വാഗതാർഹമായിരിക്കും.




**റവ. ഫാ. കൊച്ചുമോൻ തോമസ്**
**ഐക്കാട്ടുമാളിയേക്കൽ**

**സ്ലീബായുടെ ശേഷം 5-ാം ഞായർ (17-10-2021)**
**മത്താ. 23:1-12**

ഈ വേദഭാഗത്ത് നമ്മുടെ കർത്താവ് പരീശന്മാരുടെയും ശാസ്ത്രിമാരുടെയും ദുർനടപടികളെ വിമർശിക്കുന്നു. പരീശന്മാരും ശാസ്ത്രിമാരും മോശയുടെ പീഠത്തിൽ ഇരിക്കുന്നുവെന്നും അവരുടെ പ്രവർത്തനങ്ങൾക്ക് ആത്മാർത്ഥതയില്ലെന്നും കർത്താവ് ചൂണ്ടിക്കാണിക്കുകയാണ്. അവർ പറയുന്നത് പ്രമാണിക്കാമെന്നും എന്നാൽ അവരുടെ പ്രവർത്തികൾപോലെ ചെയ്യരുതെന്നും കർത്താവ് അനുശാസിച്ചു. ആത്മാർത്ഥതയില്ലാത്ത ദൈവ ശുശ്രൂഷകരെ കർത്താവ് ഇവിടെ കുറ്റപ്പെടുത്തുകയാണ്.

സാധാരണ മനുഷ്യരുടെമേൽ ചട്ടങ്ങളും നിയമങ്ങളും അടിച്ചേൽപ്പിക്കുകയും എന്നാൽ അവയിൽ ഒന്നുപോലും സ്വയം അനുസരിക്കാതിരിക്കുകയും ചെയ്യുന്ന പരീശ പ്രമാണികളെയാണ് കർത്താവ് കുറ്റപ്പെടുത്തുന്നത്. അവർ തങ്ങളുടെ പ്രവർത്തികൾ ചെയ്യുന്നത് മനുഷ്യരെ കാണിക്കുന്നതിനാണ്. നമ്മുടെ നല്ല പ്രവർത്തികൾ ദൈവഹിതത്തിനു അനുസരണമായും ദൈവത്തെ ബോദ്ധ്യപ്പെടുത്തിയും ചെയ്യുന്നതിനും ശ്രമിക്കേണ്ടതുണ്ട്. ദൈവം എല്ലാവർക്കും ഓരോ സ്ഥാനം നൽകിയിട്ടുണ്ട്. പിതാവ്, മാതാവ്, സഹോദരൻ, സഹോദരി എന്നിങ്ങനെ വിവിധ നിലകളിൽ ദൈവം നമ്മെ നിയോഗിച്ചിരിക്കുന്നു. ദൈവം നൽകിയിരിക്കുന്ന ഈ സ്ഥാനങ്ങളോടെല്ലാം എത്രമാത്രം നീതിയോടെ ചെയ്യുന്നു എന്ന് ആത്മശോധന നടത്തേണ്ടതാണ്.

യേശു വിശ്വാസികളെ ഓർമ്മിപ്പിക്കുന്ന കാര്യം തന്നെത്താൻ ഉയർത്തപ്പെടുന്നവൻ തന്നെത്താൻ താഴ്ത്തപ്പെടുമെന്നുള്ളതാണ് (വാക്യം 12). ദൈവഹിതത്തിനു പൂർണ്ണമായി കീഴ്പ്പെടുവാൻ സാധിക്കാത്തവരെ സംബന്ധിച്ചിടത്തോളം അവർ കൂടുതൽ സമയവും സ്വന്തമഹത്വം അന്വേഷിക്കുന്നവർ ആയിരിക്കും നമ്മുടെ ജീവിതത്തിൽ ഒന്നിനെ പ്രതിയും നിഗളഭാവം വന്നുകൂടാ. എന്തെങ്കിലും മേന്മയുണ്ടായാൽ അത് ദൈവം തന്ന ദാനമാണെന്ന് ഓർത്ത് ദൈവത്തെ സ്തുതിക്കുക. താഴ്മയുള്ളവർക്ക് ദൈവത്തിന്റെ കൃപ ലഭിക്കുന്നു. 'താണ നിലത്തെ നീരോടു അവിടെ ദൈവം തുണ ചെയ്യു'. ദൈവത്തിന്റെ കൃപകളും അനുഗ്രഹങ്ങളും പ്രാപിക്കുവാൻ വിനയവും താഴ്മയും ശീലിക്കുവാൻ ദൈവമെ ഞങ്ങളെ സഹായിക്കണമേ.

**സ്ലീബായുടെ ശേഷം 6-ാം ഞായർ (24-10-2021)**
**വി. ലൂക്കോസ് 18:18-27**

ഒരു യുവാവ് കർത്താവിന്റെ അടുക്കൽ വന്ന് നിത്യജീവൻ അവകാശമാക്കുവാൻ എന്തു ചെയ്യണമെന്നു ചോദിക്കുന്നതും കർത്താവു നൽകുന്ന മറുപടിയുമാണ് ഇന്നത്തെ ഏവൻഗേലിയോൻ. ഈ ചെറുപ്പക്കാരനെക്കുറിച്ച് അറിയണമെങ്കിൽ മത്താ. 19:16-22, മർക്കോസ് 10:17-22 എന്നീ ഭാഗങ്ങളും വായിക്കുക.

നിത്യജീവൻ പ്രാപിക്കുക എന്നത് യഹൂദന്മാരുടെ ഇടയിൽ ഒരു പുതിയ ആത്മീയ ലക്ഷ്യം ആയിരുന്നില്ല. ഇവർ മരണാനന്തര ജീവിതത്തിൽ സജീവമായ വിശ്വാസം പുലർത്തിപ്പോന്നവർ ആയിരുന്നു. ഈ യുവാവ് തനിക്കു മരണാനന്തരം ലഭിക്കാവുന്ന ശാശ്വത ജീവിതത്തെക്കുറിച്ച് ആകാംക്ഷയുണ്ടായിട്ട് യേശുവിനെ സമീപിക്കുന്നു. ഈ പ്രതിസന്ധി നിറഞ്ഞ കാലഘട്ടത്തിലും അനേകരും തങ്ങളുടെ ഇഹലോകത്തിലെ ധനവും, സുഖസൗകര്യങ്ങളും, ദീർഘായുസ്സു വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമവുമായി മുന്നോട്ട് നീങ്ങുന്നതല്ലാതെ പരലോകത്തിൽ നിത്യജീവൻ എങ്ങനെയും പ്രാപിക്കണം എന്ന ആഗ്രഹിക്കുന്നവർ വളരെ കുറവാണ്. പുതിയ നിയമത്തിൽ നിത്യജീവൻ എന്ന വാക്ക് 50 പ്രാവശ്യം എടുത്ത് പരാമർശിച്ചിട്ടുണ്ട്. യേശുക്രിസ്തു എന്ന ദൈവത്തിൽ നിന്നുള്ള ദൈവം, മനുഷ്യനായി മനുഷ്യരുടെ പാപങ്ങൾക്ക് പരിഹാരമായി ദൈവസന്നിധിയിൽ മറുവില നൽകിയിരിക്കുകയാൽ അവനിൽ വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കുക എന്നതാണ് ക്രിസ്തുമതത്തിന്റെ കാതലായ ആത്മീയ ഉപദേശം.

അവന്റെ ആത്മാർത്ഥതയും നിത്യജീവൻ പ്രാപിക്കാനുള്ള ആകാംക്ഷയും ഗ്രഹിച്ചുകൊണ്ട് ഇനി ഒരു കുറവ് നിനക്കുണ്ട്; നിനക്കുള്ളതൊക്കെയും വിറ്റ് ദരിദ്രന്മാർക്ക് പകുത്തു കൊടുക്ക എന്നാൽ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും പിന്നെ വന്ന് എന്നെ അനുഗമിക്കുകയെന്നു പറഞ്ഞു. സ്വന്തം ശരികളിൽ മാത്രം ഉറച്ചു നിൽക്കുന്നവർക്ക് അവരുടെ കുറവുകൾ കണ്ടെത്തുക സാധ്യമല്ല. ക്രിസ്തുവിന്റെ അടുക്കൽ വരുന്നവർക്കുള്ള ഏറ്റവും വലിയ അനുഗ്രഹം സ്വന്തം കുറവുകളെ തിരിച്ചറിയുവാൻ കഴിയുന്നു. ചെയ്യരുതാത്തവ ഒന്നും ചെയ്യാതെ ജീവിച്ച പ്രമാണി ചെയ്യേണ്ടവ പലതും മറന്നുപോയി എന്ന് കർത്താവ് അയാളെ ബോദ്ധ്യപ്പെടുത്തി. തെറ്റുകൾ ചെയ്യാതിരിക്കാൻ മാത്രമല്ല ശരികൾ ചെയ്യാനുള്ള ബാധ്യതയും കൂടി ഉണ്ട്.

എത്രമാത്രം സമ്പത്ത് നേടിയാലും പോകുമ്പോൾ ഒന്നും കൊണ്ടുപോകുന്നില്ല. സമ്പത്ത് പാപമല്ലെങ്കിലും സമ്പത്തിനോടുള്ള അധികമായ ആസക്തിയും അത് സ്വരൂപിക്കാനുള്ള വെമ്പലും പാപമാണ്. മനുഷ്യരാൽ അസാധ്യമായത് ദൈവത്താൽ സാധ്യമാകുന്നു. മുമ്പെ അവനെയും അവന്റെ രാജ്യവും അന്വേഷിപ്പീൻ. യേശു മാത്രം സർവ്വത്തിന്റെയും അധിപതിയാണന്ന് തിരിച്ചറിഞ്ഞ് അവന്റെ കൃപയിൽ ആശ്രയിക്കുക!

**കൂദോശ് ഈത്തോ ഞായർ (31-10-2021)**
**വി. മർക്കോസ് 8:27-33**

കൂദോശ് ഈത്തോ എന്ന ഞായർ സഭയുടെ ശുദ്ധീകരണത്തെ അനുസ്മരിപ്പിക്കുന്ന ഒന്നാണ്. ക്ദോഷ് എന്ന എബ്രായ പദത്തിന് വേർതിരിക്കപ്പെട്ടത് എന്നാണർത്ഥം. സഭ

യുടെ ശുദ്ധീകരണമെന്നാൽ വ്യാപകമായ അർത്ഥത്തിൽ സഭാ മക്കളുടെ ശുദ്ധീകരണമാണ്.

ഇന്നത്തെ വായനഭാഗം യേശുക്രിസ്തുവിനെ ശിഷ്യന്മാർ എങ്ങനെ മനസ്സിലാക്കുന്നു എന്ന ചോദ്യമാണ്. 'അങ്ങ് ജീവനുള്ള ദൈവത്തിന്റെ പുത്രനായ മശിഹ ആകുന്നു എന്ന്' പത്രോസ് ഉത്തരം നൽകുന്നു.

ഒന്നാമതായി തിരിച്ചറിവ് ഉണ്ടാകുന്നു. തിരിച്ചറിവ് ദൈവത്തിന്റെ ദാനമാണ്. അദ്ധ്യാത്മികതയുടെ അനുഗ്രഹീത തലങ്ങളിലേക്ക് ഉയരുമ്പോൾ തിരിച്ചറിവ് ഉണ്ടാകും. ആത്മീയ മേഖലയിൽ തിരിച്ചറിവ് പാടെ നഷ്ടമായികൊണ്ടിരിക്കുകയാണ്. അറിയേണ്ടവനെ അറിയുക എന്നതാണ് തിരിച്ചറിവ്. സഭയെ തിരിച്ചറിയാൻ സാധിക്കണം. കണ്ണുനീരിൽ ചാലിച്ചെടുത്ത അമൂല്യമായ പൈതൃകത്തെ ഉപേക്ഷിക്കരുത്. നമ്മുടെ നാഥൻ ക്രിസ്തുവാകുന്നു എന്ന് പത്രോസ് ഏറ്റുപറഞ്ഞെങ്കിലും ക്രിസ്തു എന്ന നിലയിൽ മറ്റുള്ളവരുടെ ഭാരങ്ങളെ താൻ വഹിക്കേണ്ടതാണെന്നുള്ള സത്യം തിരിച്ചറിയണം.

രണ്ടാമതായി വിശ്വാസം ഏറ്റു പറഞ്ഞ പത്രോസിനെ കർത്താവ് ഉടൻ തന്നെ ശാസിക്കുന്നു. തിരിച്ചുവരവിന്റെ ആഹ്വാനമാണ് ഇവിടെ നൽകുന്നത്. എന്നെ വിട്ടുപോ എന്നു പറഞ്ഞ് പത്രാസിനെ ഉപേക്ഷിക്കുകയല്ല. ശാസിച്ചും ശിക്ഷിച്ചും സ്നേഹിച്ചും തെറ്റിപ്പോയ പത്രോസിനെ സഭയുടെ കെട്ടുപണിക്ക് കൂട്ടാളിയാക്കുകയായിരുന്നു. തെറ്റിപ്പോകുക സ്വാഭാവികം. തിരിച്ചുവരവാണ് പ്രധാനം. നമ്മൾ നമ്മുടെ ആവശ്യങ്ങൾ മറന്നാലും, നമ്മെ അറിയുന്ന നമുക്കായി കരുതുന്ന ഒരു ദൈവമാണ് നമ്മുടെ ക്രിസ്തു. ദുഃഖത്തിൽ നമ്മോടൊപ്പം ഇരുന്ന് ആശ്വസിപ്പിക്കുന്ന ദൈവമാണ് നമുക്കുള്ളത് എന്ന് ഒരിക്കലും മറന്ന് പോകരുത്. ഒരു തിരിച്ചുവരവിന്റെ ദിനമായി കൂദോശ് ഈത്തോ പരിണമിക്കട്ടെ.

## ഹൂദോസ് ഈത്തോ ഞായർ (07–10–2021) വി. ലൂക്കോസ് 19:47–20:8

യഹൂദന്മാർ തങ്ങളുടെ അശുദ്ധമായിപ്പോയ ദൈവാലയത്തെയും ബലിപീഠത്തേയും എട്ടു ദിവസത്തെ പെരുന്നാൾ ആഘോഷിച്ച് വീണ്ടും വിശുദ്ധീകരിച്ചു. ഈ പെരുനാൾ പിന്നീടുള്ള കാലഘട്ടങ്ങളിൽ എല്ലാ വർഷവും കിസ്ലോവ് മാസം ഇരുപത്തിനാലാം തീയതി പുനഃപ്രതിഷ്ഠാദിനമായി ആചരിച്ചുപോന്നു. പാപം ചെയ്തു ദൈവത്തിൽനിന്ന് അകന്നുപോയ സഭാമക്കൾ വിശുദ്ധീകരിക്കപ്പെട്ട് പുന:പ്രതിഷ്ഠിക്കപ്പെടുന്നു. മുടിയനായ പുത്രൻ അപ്പന്റെ സ്നേഹത്തിൽ നിന്നും അകന്നുപോയെങ്കിലും അനുതപിച്ച് തിരിച്ചുവന്നപ്പോൾ പുത്രത്വത്തിലേക്ക് വീണ്ടും അവനെ സ്വീകരിച്ച് പ്രതിഷ്ഠിച്ചതുപോലെ ഒരു പുനഃപ്രതിഷ്ഠയുടെ ദിനമായി മാറണം.

സ്വാർത്ഥമോഹങ്ങളാലും ജഡിക ചിന്തകളാലും ബഹുലങ്ങളായ പാപങ്ങളാലും അശുദ്ധമായി ഇരുളടഞ്ഞ നമ്മുടെ ശരീരമാകുന്ന ദൈവത്തിന്റെ മന്ദിരം ശുദ്ധീകരിച്ച് വെടിപ്പാക്കി പുന:പ്രതിഷ്ഠ നടത്തി നിത്യ പ്രകാശത്തിലേക്ക് കടന്നു വരുവാൻ ഈ ദിനം ഉപകരിക്കണം.

യേശുതമ്പുരാൻ സുവിശേഷമറിയിക്കുമ്പോൾ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരുമായി അടുത്തുവന്ന് നീ എന്ത് അധികാരം കൊണ്ട് ഇതു ചെയ്യുന്നു. ഈ അധികാരം നിനക്ക് തന്നത് ആർ, ഞങ്ങളോട് പറക എന്നു ചോദിച്ചു. യഹൂദ സമുദായത്തിന്റെ മേലദ്ധ്യക്ഷന്മാരാണ് നസ്രായനായ യേശുവിനെ ചോദ്യം ചെയ്യുന്നത്. ചോദിക്കുന്നവർക്ക് പ്രതാപവും മാന്യതയും ഉണ്ടായിരിക്കാം എന്നാൽ ചോദ്യം ചെയ്യപ്പെടുന്ന കർത്താവിന് പിതാവിന്റെ ഏകജാതനായ പുത്രൻ എന്ന ധൈര്യം ഉണ്ട്. യേശു എന്നോടുകൂടെ ഉള്ളതുകൊണ്ട് ഞാൻ ഏകനല്ല എന്നു പറയാവുന്ന ഒരു മനോധൈര്യം നമുക്ക് കൈവരിക്കണം. ലോകം മുഴുവനും എതിർത്താലും യേശു എന്നും ജീവിച്ച് നമ്മെ അനുഗ്രഹിക്കുന്നവനാണ്. തമ്പുരാന്റെ ശബ്ദം കേട്ട് തിരിച്ചറിഞ്ഞ് അവനെ അനുഗമിച്ച് സുരക്ഷിതവും നാശമില്ലാത്തതുമായ നിത്യജീവനുവേണ്ടി നമ്മെ പ്രതിഷ്ഠിക്കാം.

## സ്കറിയായോടുള്ള അറിയിപ്പിന്റെ ഞായർ (14–10–2021), വി. ലൂക്കോസ് 1:18–25

ഈ വേദവായന ഭാഗത്ത് ദൈവപുത്രനായ യേശുവിന്റെ മനുഷ്യാവതാര പ്രവർത്തനത്തിനു ആത്മീയമായ ഒരുക്കം സൃഷ്ടിക്കുന്നതിനായി ദൈവത്താൽ അയയ്ക്കപ്പെട്ട യോഹന്നാൻ സ്നാപകന്റെ ജനനത്തിന്റെ മുമ്പായി, അദ്ദേഹത്തിന്റെ പിതാവായിരുന്ന സെഖര്യാ പുരോഹിതനു ദൈവ സന്നിധിയിൽനിന്നു വി. ഗബ്രിയേൽ മാലാഖ മുഖാന്തിരം ഉണ്ടായ ദൈവിക വെളിപാടിനെക്കുറിച്ചു നാം വായിക്കുന്നു. മാതാപിതാക്കൾ എങ്ങനെയായിരിക്കണമെന്ന് ഈ ഭാഗം വ്യക്തമാക്കുന്നു.

1) നീതിയുള്ളവരും കുറ്റമില്ലാത്തവരുമായിരിക്കണം.

മനുഷ്യരുടെ മുമ്പാകെയല്ല, ദൈവമുമ്പാകെയാണു നാം നീതിമാന്മാരായിരിക്കേണ്ടത്. സഖര്യാവ് ഒരു കുറ്റവുമില്ലാത്തവനായിരുന്നു എന്നു നാം കാണുന്നില്ല. മാലാഖയെ അവിശ്വസിച്ചതുതന്നെ ഒരു പാപമായിരുന്നു. അവൻ ഉത്തമ മന:സാക്ഷിയോടെ ദൈവത്തെ പ്രസാദിപ്പിപ്പാൻ ശ്രമിക്കുകയും അതിനെ നീതിയായി കണക്കിട്ടു ദൈവം അവനെ സ്വീകരിക്കുകയും ചെയ്തു എന്നുള്ളതാണ് പ്രധാന സംഗതി.

2) മാതാപിതാക്കൾ മക്കൾക്കുവേണ്ടി കരയുന്നവരായിരിക്കണം. ഒരു കുഞ്ഞിനുവേണ്ടി ദീർഘകാലമായി പ്രാർത്ഥിക്കുന്നവരും കരയുന്നവരുമായിരുന്നു ഈ ദമ്പതികൾ. പ്രാർത്ഥനയുടെയും കണ്ണുനീരിന്റെയും ഫലമായി ലഭിക്കുന്ന സന്തതികൾ അനുഗ്രഹീതരായിരിക്കും. മക്കൾക്കുവേണ്ടി നൽകാവുന്ന ഏറ്റവും നല്ല സമ്പാദ്യം ദൈവസന്നിധിയിൽ അവർക്കുവേണ്ടി പൊഴിക്കുന്ന കണ്ണുനീർ തുള്ളികളാണ്.

3) ദൈവത്തിൽനിന്ന് വരുന്ന ശിക്ഷ സന്തോഷപൂർവ്വം വഹിക്കണം.

ദൈവം സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു. ശിക്ഷിച്ചതിനു ശേഷമാണ് അനുഗ്രഹം നൽകുന്നത്. ദൈവത്തോടുകൂടെ ഭാര്യ ഭർത്താക്കൾ ജീവിച്ചു സന്താനങ്ങൾ ജനിക്കുന്നുവെങ്കിൽ മാത്രമെ യോഹന്നാനെപ്പോലെയുള്ള ശ്രേഷ്ഠരെ ലോകത്തിനു പ്രദാനം ചെയ്യുന്നതിന് അവർക്കു സാധിക്കുകയുള്ളു. അതിനാൽ സ്വന്തമക്കളുടെ നന്മയെ ആഗ്രഹിക്കുന്ന മാതാപിതാക്കൾ വിശുദ്ധിയിൽ ജീവിക്കണം.

അബിയാവിന്റെ ഗണത്തിലെ പുരോഹിതനായ സഖറിയാ എന്റെ ബലഹീനതയിൽ എനിക്ക് സാധിക്കാത്തതിനെ സാധ്യമാക്കുന്നവനാണു ദൈവം എന്ന ആത്മീയ പ്രചോദനം ജനത്തിനു പകരേണ്ടവൻ അവിശ്വാസിയല്ല എന്നതായിരുന്നു സഖറിയായുടെ മൗന ശിക്ഷയ്ക്ക് കാരണമായത്. ശിക്ഷിച്ചാലും നമ്മെ പരിപാലിക്കുന്നു എന്ന വിശ്വാസത്തോടെ മുന്നേറാം. ●



**18 –ാം ചരമവാർഷികം**
**29- 10 - 2021**

**അച്ചാമ്മ ജോസ്**
**പാലക്കുടിയിൽ**
**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

# ഓർമ്മയിലെ സാംബിയപ്പച്ചൻ

**ഫാ. ജോസഫ് കുളത്രാമണ്ണിൽ**

നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നു കളഞ്ഞു (സങ്കീ. 69:9) ബാബിലോണിയ പ്രവാസത്തിൽ നിന്ന് മടങ്ങി വന്ന ഒരു ലേവി ഗോത്രക്കാരൻ എഴുതിയ മനോഹരമായ ഒരു ജീവിതമാണ് 137-ാം സങ്കീർത്തനം (BC. 526) പ്രവാസത്തിൽ ആയിരുന്നപ്പോൾ അനുഭവിച്ച വേദനകളുടെ ഓർമ്മകളാണ് ഈ സങ്കീർത്തനത്തിൽ വിവരിക്കുന്നത്. അവർ കണ്ണുനീർ വാർത്തത് തങ്ങളുടെ പ്രിയ നഗരമായ യെരുശലേമിനെ ഓർത്താണ്. ശലോമോൻ പണിത ആരാധനാലയം തലസ്ഥാന നഗരിയുടെ പ്രാധാന്യം വർദ്ധിപ്പിച്ചിരുന്നു. എല്ലാ യഹൂദന്മാരുടെയും ആത്മീയ ആരാധന കേന്ദ്രമായിരുന്നു ഈ ദൈവാലയം. അത് നശിപ്പിക്കപ്പെടുകയോ ആരാധന നടത്താതിരിക്കുകയോ ചെയ്താൽ ഓരോ യഹൂദന്റെയും ആത്മാഭിമാനത്തിന് മുറിവേൽക്കും. അതുകൊണ്ടാണ് പ്രവാസികൾ ആയിരുന്നപ്പോൾ അവർ നദിക്കരയിൽ ഇരുന്ന് കരഞ്ഞത്. ഇതുപോലെയായിരുന്നു നമ്മുടെ പൂർവികന്മാർ ദൈവാലയത്തെ കരുതിയിരുന്നതും ആരാധന നടത്തിയിരുന്നതും.



നമ്മുടെ പിതാക്കന്മാരിൽനിന്ന് ലഭിച്ച ആത്മീയ തീക്ഷ്ണതയും ദൈവസ്നേഹവും ആയിരുന്നു സാംബിയപ്പച്ചൻ എന്നറിയപ്പെട്ടിരുന്ന പരുത്തിയേത്ത് ശ്രീ. പി.എം. ചാക്കോയിൽ വിളങ്ങിയിരുന്നത്. ഓതറ നസ്രേത്ത് കോളേജിനോടനുബന്ധിച്ച് മനോഹരമായ ദൈവാലയം പരുത്തിയത്ത് ശ്രീ. പി.എം. ചാക്കോ അവർകൾ നിർമ്മിച്ചു കൊടുത്തു. വന്ദ്യനായ പി.റ്റി. മാത്യുസാർ (B.A.L.T) തന്റെ ഭൂസ്വത്തിൽ നിന്നും 5 ഏക്കർ സ്ഥലം ദാനം ചെയ്തത് ഒരു ആശ്രമവും ബാലഭവനവും നടത്തുന്നതിനു വേണ്ടിയായിരുന്നു. അദ്ദേഹത്തിന്റെ അഭിലാഷം ഈ ദൈവാലയ നിർമ്മാണത്തിലൂടെ പൂർത്തീകരിക്കുകയാണ്. സാംബിയയിൽനിന്നും തിരിച്ച് നാട്ടിലെത്തിയ ശേഷവും സഭാ സേവനവും സാമൂഹ്യസേവനവും ആയി കഴിയുമ്പോഴാണ് നസ്രേത്ത് കോളജിലെ സെക്രട്ടറിയായി പി.എം. ചാക്കോ തിരഞ്ഞെടുക്കപ്പെട്ടത്. അസോസ്സിയേഷൻ മെമ്പറായും, പള്ളി നിർവ്വാഹകസമിതി അംഗമായും തന്റെ ശുശ്രൂഷ ആത്മാർത്ഥമായി ചെയ്തിരുന്നു. 2008 ൽ ബലഹീനനായ ഞാൻ ആരംഭിച്ച ക്നാനായ ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ യൂണിറ്റ് മഴുക്കീറിൽ ആരംഭിച്ചപ്പോൾ അതിനു വേണ്ടതായ എല്ലാ സൗകര്യങ്ങളും സഹായവും ചെയ്യുന്നതിന് ഒരു മടിയും കാണിച്ചിരുന്നില്ല. സമുദായത്തിൽ നടന്നിരുന്ന കലഹങ്ങളും പ്രശ്നങ്ങളുമൊക്കെ തീരുന്നതിന് വളരെ ആഗ്രഹിച്ച ഒരു വ്യക്തിയാണ് ഇദ്ദേഹം. സഭയുടെ പ്രവർത്തനങ്ങൾ പോരാ കൂടുതലായി ചെയ്യണമെന്ന് ആഗ്രഹിക്കുകയും അദ്ധ്വാനിക്കുകയും തന്റെ സേവനം സൗജന്യമായി നൽകാനും തയ്യാറായിരുന്നു.

ദൈവാലയ നിർമ്മാണ കാലത്ത് താൻ അനുഭവിച്ച മാനസികവ്യഥ പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. വരട്ടാറിന്റെ തീരത്തുള്ള ആശാരിപറമ്പിൽനിന്നും തേക്കുതടികൾ വെട്ടി ഉന്തുവണ്ടിയിൽ കയറ്റി റോഡിൽ എത്തിച്ച് മില്ലിൽ കൊണ്ടുപോയ സമയത്ത് ജോലിക്കാരോട് ഒപ്പം താനും പണിയിൽ പങ്കാളിയായിരുന്നു. മില്ലിൽ എത്തിച്ചത് ഞാനും നേരിൽ കണ്ടതാണ്. പള്ളി പണിത് തുടങ്ങിയപ്പോൾ മുതൽ അത് പൂർത്തീകരിക്കുന്നതുവരെ ആശ്രമ പരിസരത്ത് തന്നെ തന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു അതായത് പ്രഭാതം മുതൽ പ്രദോഷം വരെ ഓതറയിൽ തന്നെയായിരുന്നു. തന്റെ സഹധർമ്മിണി പലപ്പോഴും ഉത്കണ്ഠയും പരാതി പറയുകയും ചെയ്തിട്ടുണ്ട്. ദൈവാലയത്തിനു വേണ്ടതായ എല്ലാ ഉപകരണങ്ങളും കാപ്പ, വിരിക്കൂട്ട്, ചിത്തോല പള്ളിമറ മുതലായവയെല്ലാം വാങ്ങുകയും അതിനുവേണ്ടി ചിലവുകൾ മുഴുവൻ വഹിക്കുകയും ചെയ്തു. വിശുദ്ധ കുർബ്ബാന കഴിഞ്ഞുള്ള ചായ സൽക്കാരങ്ങൾ ഉൾപ്പെടെ എല്ലാം മറ്റുള്ളവരുടെ സാമ്പത്തിക സഹായം കൂടാതെ നിർവ്വഹിക്കുകയുണ്ടായി. ദാവീദ് നേർന്നതുപോലെ തന്നെ കിടക്കയിൽ കിടക്കാതെയും (ഉറങ്ങാതെയും) വിശ്രമിക്കാതെയും ഏറ്റെടുത്ത ചുമതല പൂർത്തീകരിച്ച ഒരു മഹത് വ്യക്തിയാണ് ശ്രീ.പി.എം. ചാക്കോ. ഈ അദ്ധ്വാനത്തിന് പാരിതോഷികമായി അദ്ദേഹത്തെ ബഹുമതി നൽകി ആദരിക്കുന്നതിന് പലപ്രാവശ്യം ശ്രമിച്ചിട്ടുണ്ട്. എപ്പോഴും വാങ്ങുന്നവർ ആകാതെ കൊടുക്കുന്നവർ ആകുന്നതാണ് നല്ലത്. അതിൽനിന്നും പ്രചോദനമുൾക്കൊണ്ടാണ് എല്ലാ ജനുവരി 11-ാം തീയതി പ്രാർത്ഥനാ പൂർവ്വം തന്റെ ജന്മദിനം ആചരിച്ചിരുന്നു. 1929 ജനുവരി 11-ന് ആയിരുന്നു തന്റെ ജനനം പത്താംക്ലാസ് പാസ്സായതിനുശേഷം മധ്യതിരുവിതാംകൂറിലെ സാങ്കേതിക വിദ്യാലയത്തിൽനിന്ന് ഇലക്ട്രിക്കൽ എൻജിനീയറിംഗ് ഡിപ്ലോമ പാസ്സായശേഷം ഇന്ത്യൻ റെയിൽവേയിൽ ദീർഘ നാളുകൾ ജോലി ചെയ്യുകയും അവസാനം കൽക്കട്ടയിൽ നിന്നാണ് സാംബിയയിലെത്തിയത്. സാംബിയായിൽനിന്നും മടങ്ങിയെത്തിയതിനുശേഷം കുടുംബ വീടും പുതുക്കിപ്പണിതു. രണ്ട് പുത്രന്മാരും ഒരു മകളും ആണ് ഉള്ളത്. മൂത്തമകൻ സജു ഒരു എഞ്ചിനീയറും രണ്ടാമത്തെ മകൻ ഡോക്ടറും ആണ് ഏകമകൾ ജെസ്സി. സി.എ പാസ്സായി ഓസ്ട്രേലിയയിൽ സ്ഥിരതാമസം ആക്കിയിരിക്കുകയാണ്. വിശ്രമ ജീവിതത്തിലും രോഗാവസ്ഥയിലും അതിഥികളെ സ്വീകരിക്കുന്നതിനും സംസാരിക്കുന്നതിനും ഒരു മടിയും കാണിച്ചിരുന്നില്ല. ഈ കഴിഞ്ഞ സെപ്റ്റംബർ 5-ാം തീയതി ഞായറാഴ്ച രാവിലെ എട്ടു മണിക്ക് ഈ ലോകത്ത് നിന്നും യാത്രയായി. ആശ്രമവും ദൈവാലയവും കാണുമ്പോഴെങ്കിലും അദ്ദേഹത്തെ ഓർമ്മിക്കുവാനും പ്രാർത്ഥിക്കുവാനും അവസരം ഉണ്ടാകട്ടെ. ആദരാഞ്ജലികളോടെ...

# പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമിസ് വലിയ മെത്രാപ്പോലീത്തായുടെ 19-ാം ശ്രാദ്ധപ്പെരുന്നാൾ



ചിങ്ങവനം സെന്റ് ജോൺസ് ദയറാപ്പള്ളിയിൽ അഭിവന്ദ്യരായ മെത്രാപ്പോലീത്താമാർ അഭി. ഏബ്രഹാം മോർ ക്ലീമിസ് തിരുമേനിയുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുന്നു.



# 'സെ നോ ടു ഡ്രഗ്സ്' യുവജന ലഹരി വിരുദ്ധ പോരാട്ടം




ചിങ്ങവനം ക്നാനായ അതിഭദ്രാസന ആസ്ഥാനമായ മാർ അപ്രേം സെമിനാരി ആഡിറ്റോറിയത്തിൽ ഗാന്ധി ജയന്തി ദിനാഘോഷ ഭാഗമായി കേരള സംയുക്ത ക്രൈസ്തവ മദ്യ വർജ്ജന സമിതി സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച 'സെ നോ ടു ഡ്രഗ്സ്' (**Say No to Drugs**) എന്ന യുവജന ലഹരി വിരുദ്ധ പോരാട്ട പരിപാടി **ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** ഉത്ഘാടനം ചെയ്യുന്നു. ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ, അഭി. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, റിജോ നൈനാൻ, ഫാ. മാത്യു കിഴക്കേ അരിഞ്ഞാണിയിൽ, കോശി മാത്യു, റവ. അലക്സ് പി. ഉമ്മൻ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ക്നാനായ സമുദായ സെക്രട്ടറി ശ്രീ. ടി.ഒ. ഏബ്രഹാം തോട്ടത്തിൽ, ഫാ. ഷിബിൻ മണിമലേത്ത്, ഫാ. ഏലിയാസ് ഇളവൻകുളം, അമ്മു മാത്യു, റോയ് പി. ചാക്കോ  എന്നിവർ സമീപം


ST. PETER'S KNANAYA CHURCH, KUWAIT
MANAGEMENT COMMITTEE 2021 - 2022
TRUSTEE
Shebey Thomas Kuruppanparambil
VICAR
Fr Thomas Jacob Anjilimoottil
SECRETARY
Milan K S Arackal
Abey Thomas Kuruppanparambil
Amal Abraham Maliyil
Ani Stephen Thottupurathu Melethil
Benny Joseph Pulayamkattil
Jacob Kurian Mangalaveetil
Joseph PAbraham Puthenkalathil
Markose Jacob Chirayil Chirayil
Mathew Abraham C Chaluparambil
Mathu T Mathew Punthenpurayil
Raiju A Thomas Areekara
Steni Philip Thyparampil
Tomy Thomas Modiyil House
AUDITORS
Binson M Thomas Mavelil
Majo Mathew Thomas Melel
Advt -O

# ST.MARY'S KNANAYA SYRIAN ORTHODOX CHURCH
# ADELAIDE, AUSTRALIA

*1st Managing Committee 2021-2023*

*Vicar/President*



*Rev.Fr.Biby.K.Abraham*

*Secretary*



*Mr.Mathew Thomas*
*St.Mary's Knanaya Syrian Church*
*Thiruvanvandoor*

*Trustee*




*Dr.Jacob Abraham*
*St.Thomas Knanaya Church*
*Mannamaruthy*

## *Committee Members*

*Sunday School Headmistress*



*Mrs.Kochumol Markose*
*St.Mary's Knanaya Syrian Church*
*Thiruvanvandoor*




*Mrs.Salymol Abraham*
*St.George Knanaya Church*
*Kavalam*

*Vanitha Samajam Coordinator*



*Mrs Gigi Chacko*
*St.Thomas Valiyapally*
*Ranni*

*PRO*



*Mr.Kuruvilla Mathew*
*St.Mary's Knanaya Syrian Church*
*Thiruvanvandoor*

*Auditor*



*Mr.Mindu Kuriam*
*St.Simon's Church*
*Vakathanam*

*Youth Coordinators*



*Miss Merin Kuruvilla*
*St.Mary's Knanaya Syrian Church*
*Thiruvanvandoor*



*Mr.Sachin Abraham*
*St.Thomas Valiya Pally*
*Ranni*

*Email us: st.marysksocadl@gmail.com*

Advt -O

# വിവാഹിതരായി



റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽ മുരിക്കോലിപ്പുഴ എം. സി. ജേക്കബിന്റെയും (തമ്പി) ജയിനമ്മ ജേക്കബിന്റെയും മകൻ **അലക്സ് ജേക്കബും** റാന്നി സെന്റ് തോമസ് വലിയ പള്ളി ഇടവകയിൽ കണ്ണന്താനത്ത് മാത്യു എബ്രഹാമിന്റെയും (റെജി) മിനി മാത്യൂവിന്റെയും മകൾ **നിർള മാത്യുവും** തമ്മിലുള്ള വിവാഹം 2021ജൂലൈ 29–ാം തീയതി **അഭിവന്ദ്യ കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ** പ്രധാന കാർമികത്വത്തിൽ റാന്നി സെന്റ് തോമസ് വലിയ പള്ളിയിൽ വച്ച് നടത്തപ്പെട്ടു

Advt - O

## 34–ാം ചരമവാർഷികം

12–11–2021



**വെരി. റവ. ജേക്കബ് കോർ എപ്പിസ്കോപ്പാ**

കുര്യയ്ക്കൽ, കല്ലിശ്ശേരി

11–ാം ചരമവാർഷികം

22–10–2021



**അച്ചാമ്മ ചാണ്ടി**

38–ാം ചരമവാർഷികം

17–11–2021



**എം. സി. ചാണ്ടി**

മുരിക്കോലിപ്പുഴ

ഒന്നാം ചരമവാർഷികം

12–8–2021



**കെൻസ് കുര്യൻ**

5–ാം ചരമവാർഷികം

12–2–2021



**അച്ചുക്കുട്ടി കുര്യൻ (മോൾ)**

മറ്റപ്പള്ളിൽ

## വിവാഹിതരായി



നീലംപേരൂർ സെന്റ് ജോർജ്ജ് ക്നാനായ വലിയപള്ളി ഇടവകയിൽ കാനക്കാലിൽ തോട്ടത്തിൽ പുന്നൂസ് മാത്യുവിന്റെയും സൂസമ്മ പുന്നൂസിന്റെയും മകൻ **സുബിൻ പുന്നൂസും** വെള്ളൂത്തുരുത്തി സെന്റ് മേരീസ് പള്ളി ഇടവകയിൽ ഇടശ്ശേരിൽ മാത്യൂസ് ജോസഫിന്റെയും സുജ മാത്യുവിന്റെയും മകൾ **മഹിമ സൂസൻ മാത്യുവും** തമ്മിലുള്ള വിവാഹം 19-08-2021 വ്യാഴാഴ്ച നീലംപേരൂർ പള്ളിയിൽ വച്ച് **സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ** പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt -R

## 1st Death Anniversary

3- 2 -2021 4- 10 -2021



**K.M. Joseph** **Saramma Joseph**

**Kuttiyil (H)**
**Chingavanam**

By Sorrowing family

Advt - R




PROJECT BY
WAKE
KNANAYA WEDDINGS.COM

ക്നാനായ വെഡ്ഡിംഗ്സ്

ക്നാനായ സമുദായത്തിന്റെ സ്വന്തം മാട്രിമോണി

www.knanayaweddings.com

എറണാകുളം +91 70254 22022

ചിങ്ങവനം +91 94461 46000

knanayaweddings@gmail.com



Advt -O

## 3 – ാം ചരമവാർഷികം

4- 10 -2021



# P. I. KUNJACHEN (93)

Pallickal House
Pulloopuram P.O, Ranny

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 40 – ാം ചരമദിനം

18 – 10 – 2021




# തങ്കമ്മ ജേക്കബ്

പുത്തൻപുരയ്ക്കൽ, പ്ലാച്ചേരി, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R



## 2 – ാം ചരമ വാർഷികം


30 – 10 – 2021

# ബാബു സ്കറിയ

മൂലേത്തറയിൽ ഹൗസ്,
വന്മഴി, പാണ്ടനാട് പി. ഒ.,
ചെങ്ങന്നൂർ

*സ്നേഹസ്മരണകളോടെ*
*ഭാര്യ: എൽസിക്കുട്ടി ബാബു*
*സഹോദരങ്ങൾ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt - O



## 8 – ാം ചരമവാർഷികം

27 – 10 – 2021

# വി. എം. ജോസഫ്

## വളയനാട്ട്, റാന്നി

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

Advt -R

*സന്തപ്ത കുടുംബാംഗങ്ങൾ*

---

## 10 – ാം ചരമവാർഷികം

14 – 07 – 2021

## 1 – ാം ചരമവാർഷികം

13 – 10 – 2021





**പി. എ. ഉതുപ്പാൻ** **മറിയാമ്മ ഉതുപ്പാൻ**

**പഴയകളത്തിൽ, കുറിച്ചി**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"


*സന്തപ്ത കുടുംബാംഗങ്ങൾ*
*പഴയകളത്തിൽ & കക്കുഴിയിൽ ഫാമിലി ശാന്തൻപാറ*

Advt -R

---

## 2 – ാം ചരമവാർഷികം

8 – 10 – 2021



Advt - G

# സ്കറിയ സെഖറിയ (മോനിച്ചൻ)

## കളക്കാട്ടായ കൊച്ചിടശ്ശേരിൽ, കുറിച്ചി

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*



2nd Death Anniversary
09 – 10 – 2021

**Raju Zacharia**
Ettonnil (House)
Kulasekharam

“നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ ”

Advt - O

സന്തപ്ത കുടുംബാംഗങ്ങൾ



40 – ാം ചരമദിനം
1 – 10 – 2021

**അന്നമ്മ തോമസ്**
കണ്ണാത്തുമുറിയിൽ, റാന്നി

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

Advt -O

*സന്തപ്ത കുടുംബാംഗങ്ങൾ*

## 12th Death Anniversary

7-10-2021



Advt - O

## Mariamma Chacko

**Maliakel (Puthenpurackal family) Kallissery**

“നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

29 – 10 – 2021



Advt - O

## സിസിലിക്കുട്ടി കുരുവിള (ഡെയ്സി)

**ഇടശ്ശേരിൽ, ഒഴുവൻപാറ, റാന്നി**

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 5th Eternal Life Anniversary in Heaven

11-07-2021

## 1st Eternal Life Anniversary in Heaven

20-10-2021



Advt -O

## Dr. K.I. Zachariah

## Annamma Zachariah

**Kizhakkemuriyil, Aythala, Ranny**

"And those the Lord has rescued will return. They will enter Zion with singing; everlasting joy will crown their heads. Gladness and joy will overtake them and sorrow and sighing will flee away." Isaiah 35.10

By Kizhakkemuriyil Family



## 2nd Birthday in Heaven
## (03-10-2021)

# കുന്നുപറമ്പിൽ പുന്നൂസ് പുന്നൂസ്

(സണ്ണി)

**കുന്നുപറമ്പിൽ, കുറിച്ചി**

"ഞാൻ നിങ്ങളിൽനിന്നും
അകന്നുപോയെങ്കിലും എന്റെ സ്നേഹം
എന്നും നിങ്ങളോടുകൂടി ഉണ്ടായിരിക്കും
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ
നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ."

*സന്തപ്ത കുടുംബാംഗങ്ങൾ*



## 40–ാം ചരമദിനം
## (10–10–2021)

# ശാന്തമ്മ പുന്നൂസ്

**കുന്നുപറമ്പിൽ, കുറിച്ചി**

"ഞാൻ നിങ്ങളിൽനിന്ന് വേർപിരിഞ്ഞെങ്കിലും
എന്റെ സ്നേഹവും സ്വർഗ്ഗപിതാവിന്റെ
പക്കലുള്ള എന്റെ പ്രാർത്ഥനയും എപ്പോഴും
നിങ്ങളോടുകൂടി ഉണ്ടായിരിക്കും.
നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നെയും ഓർക്കേണമേ."

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

# 40 – ാം ചരമദിനം

**26 – 10 – 2021**

"തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്കു വിലയേറിയതാകുന്നു" സങ്കീ. 116: 15



## അമ്മിണി ജോസഫ് (86)

കുളത്രാമണ്ണിൽ, മഴുക്കീർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാം എന്ന പ്രത്യാശയോടെ

*മക്കൾ–മരുമക്കൾ–കൊച്ചുമക്കൾ*

Advt - O

## 40 – ാം ചരമദിനം

6 – 10 – 2021



Advt - O

# ജോസ് കെ.കെ.

കൈതാരം, കുഴിമറ്റം

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

13 – 09 – 2021



Advt - O

# Kurian Joseph (Tambi)

Edasseriathu, Kuttoor
[Hoshangabad (M.P)]

**DOD:05-08-2021**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

By Sorrowing family Members and Relatives

## 38th Anniversary in Heaven

9-11-2021

## 27th Anniversary in Heaven

17-10-2021



Advt -O

# P.K.MATHEW (KUNJU)

(District Transport Officer Rtd)

# MARYKUTTY MATHEW

പഴയപീടികയിൽ, കല്ലിശ്ശേരി

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

By All loved ones

**2-ാം ചരമവാർഷികം (29-10-2021)** **4-ാം ചരമവാർഷികം (20-08-2021)**





## കെ.ടി. തോമസ്   കുഞ്ഞമ്മ തോമസ്

### കുന്നിരിക്കൽ, റാന്നി

*"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ"*

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## – IN OUR HEARTS FOREVER –

**1st Year of Demise**







**Dr. P.K. Kuriakkose** (Thankachan)
Pallickaparambil
March 23, 1941 – October 2, 2020

**K.K. Jacob** (Babu)
Pazhayapeedikayil
September 2, 1941 – October 4, 2020

Gone are the faces we loved so dear
Silent is the voices we loved to hear
Too far away for sight or speech
But not too far for thoughts to reach
Sweet to remember them who were once with us...

Advt - O

## 28th Death Anniversary

03 – 11 – 2021



# Rev. Fr. P.K. Kuriakose

**Mundaplackal, Edakkulam, Ranni**

"ആചാര്യേശാ മശീഹാ കൂദാശകളർപ്പിച്ചോ–
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

## 15th Death Anniversary

06 – 11 – 2021



# P.K.Abraham (Avarachan)

